# നമ്മുടെ കർത്താവിന്റെ ജനനപ്പെരുന്നാളിലെ പ്രാർത്ഥനക്രമം

## സന്ധ്യാപ്രാർത്ഥന

## (കൗമ)

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും- എന്നേക്കുംതനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ.
ആമ്മീൻ.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

പട്ടക്കാരൻ : ശുബഹൊ........

ജനം: ബലഹീനരും പാപികളുമായ ഞങ്ങളുമേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേയ്ക്കും ചൊരിയുമാറാകട്ടെ.

## പ്രാരംഭപ്രാർത്ഥന

ദൈവമായ കർത്താവെ! പരിശുദ്ധന്മാരായ സ്രോപ്പെന്മാരോടുകൂടെ പരിശോധന കൂടാതെ നിന്നെ സ്തുതിക്കാനും, അനുഗ്രഹീതരായ ക്രൂബേന്മാരോടുകൂടെ സംശയരഹിതമായി നിന്നെ വാഴ്ത്തുവാനും, ഉന്നതന്മാരായ മോറാവോസന്മാ രോടുകൂടെ തടസ്സമില്ലാതെ നിന്നെ പുകഴ്ത്തുവാനും, മേലുള്ളവരോടൊന്നിച്ച് അന്യൂനമായി നിനക്കു പെരുന്നാളാഘോ ഷിക്കുവാനും, പരമാർത്ഥികളായ

ആട്ടിടയന്മാരോടുകൂടെ മടി കൂടാതെ നിനക്കു കാഹളശബ്ദം മുഴക്കുവാനും, വിവേകിക ളായ മഗുശന്മാരോടൊപ്പം വ്യത്യാസം കൂടാതെ നിന്നെ വന്ദി പ്പാനും നിന്നെ പ്രസവിച്ച മറിയാമിനോടുകൂടെ അവസാന മില്ലാതെ നിന്നിൽ സന്തോഷിക്കുവാനും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ഞങ്ങളെ യോഗ്യരാക്കണമെ, ഹോാ......

## (51 )ം മസുമൂറ)

ദൈവമേ! നിന്റെ കൃപയിൻപ്രകാരംഎന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളുയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്യാനായിട്ടു തന്നെ. എന്തെന്നാൽ അന്യായ ത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. നിന്റെ ഇഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾസന്തോഷിക്കും എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ.വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്ചയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.
ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ...... മെനഓാലം.....

## (എനിയോനൊ-ഹദേസിലെദി)

കന്യകയാം-മാതാവിൻവ്രതമുദ്ര-യ്ക്കുനമതെ-ന്വേ
ജാതം ചെയ്തോ -നേ! ദേവാ-ദയ ചെയ്തീടണമേ.

കാഴ്ചകളാ-ൽ ജ്ഞാനികൾ മാ-നിച്ചോ-നേ!
ആട്ടിടയൻ -മാർ നതിയർപ്പിച്ചോ-നേ! ദേവാ....

ഞങ്ങൾക്കാ-യ് കൃപയാൽ ശിശുവായോ-നേ।
ബേത്ലഹേ-മിൽ പിച്ച നടന്നോ-നേ! ദേവാ...

കൃപയാൽ ജാ-താ! ഗുഹയിലമർന്നോ-നേ!
പാഴ്ത്തുണിയാ-ലെ പൊതിയപ്പെട്ടോ-നേ! ദേവാ....

ശാശ്വതനാം-ജനകനിൽ നിന്നു ജനി-ച്ചു
കാലത്തി-കവിൽ ദാവീദ്യയിൽ ജാ-താ! ദേവാ...

നിജമാകും-മാന്യതയെ വന്ദി-പ്പാൻ
വിദ്വാൻമാ-രെ ആകർഷിച്ചോ-നേ! ദേവാ...

വാഴ്വുടയോ-ൻ! മാനവവാനോരെ-ത്തൻ
ജനനദിന-ത്തിൽ സന്തോഷിപ്പി-ച്ചോൻ ദേവാ...  ബാറെക്മോർ- ബഹോ....മെനഓലം....

സ്തുതിയൊടു കു-പ്പുക നരരേ ജനനാ-ൽ ബിം-

ബാർച്ചനയീ-ന്നും വീണ്ടൊരു സുതനെ-നാം ദേവാ... കുറിയേലായിസ്സോൻ

(140, 141, 118, 116 മസ്മൂർകൾ)

കുറിയേലായിസോൻ

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ, എന്നോട് ഉത്തരമരുളിച്ചെയ്യേണമെ. എന്റെ വചനങ്ങളെ സൂക്ഷിച്ച് കേട്ട് കൈക്കൊള്ളുകയും ചെയ്യേണമെ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമെ. എന്റെ ഹൃദയം ദുഷ്ക്കാര്യത്തിന് ചായാതെയും ഞാൻ അന്യായകിയകൾ പ്രവർത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്കും അധരങ്ങൾക്കും കാവൽക്കാരെ നിയമിക്കേണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ. നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്ക് കൊഴുപ്പാകാതെയിരിക്കട്ടെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷം നിമിത്തമാകുന്നു. അവരുടെ വിധികർത്താക്കൾ പാറയാൽ തടയപ്പെട്ടു. എന്റെ വചനങ്ങൾ ഇമ്പമുള്ളത് എന്നവർ കേൾക്കട്ടെ.

കൊഴുവുഭൂമിയെ പിളർക്കുന്ന പോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു. കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേയ്ക്കുയർത്തി നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികൾ മറച്ചുവെച്ചിട്ടുള്ള പരിഹാസികളുടെ കയ്യിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നുപോകുമ്പോൾ അന്യായക്കാർ അവരുടെ കെണികളിൽ ഒരുമിച്ച് വീഴട്ടെ.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനെ വിളിച്ചു. എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു.

അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു. അവന്റെ മുമ്പാകെ ഞാൻ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു. എന്റെ ആത്മാവ് വിഷാദിച്ചിരിക്കുമ്പോൾ നീ എന്റെ ഊടുവഴികൾ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചു വെച്ചു. ഞാൻ വലത്തോട്ട് നോക്കി എന്നെ അറിയുന്നവനില്ലെന്നു ഞാൻ കണ്ടു. സങ്കേത സ്ഥലം എനിക്കില്ലാതെയായി, എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല. കർത്താവേ! ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു. കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും എളിമപ്പെട്ടിരിക്കുന്നതുകൊ്എന്റെ അപേക്ഷയെ സൂക്ഷിച്ച് കേൾക്കേണമേ. എന്നെ പീഡിപ്പിക്കുന്നവർ എന്നെക്കാൾ ബലവാന്മാരായതു കൊണ്ട് അവരിൽനിന്ന് എന്നെ രക്ഷിക്കേണമെ. ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്യുവാനായിട്ട് എന്റെ പ്രാണനെ കാരാഗൃഹത്തിൽനിന്ന്പുറപ്പെടുവിക്കേണമെ. നീ എനിക്ക് ഉപകാരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എന്നെ പ്രതീക്ഷിച്ചിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും എന്റെ ഊടുവഴികൾക്ക് പ്രകാശവും ആകുന്നു. നിന്റെ നീതിയുള്ള വിധികൾ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ട് നിശ്ചയിച്ചു. ഞാൻ ഏറ്റവും ക്ഷീണിച്ചു. കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കേണമേ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമേ. നിന്റെ ന്യായങ്ങളിൽനിന്ന് എന്നെ പഠിപ്പിക്കേണമെ.

എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ വേദപ്രമാണം ഞാൻ മറന്നില്ല. പാപികൾ എനിക്കായിട്ട് കെണികൾ വെച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളിൽനിന്നും മാറിപ്പോയില്ല. ഞാൻ നിന്റെ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു. നിന്റെ കല്പനകൾ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയം തിരിച്ചു.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതിനിനക്ക് യോഗ്യമാകുന്നു. ബാറക്മോർ.

## (മ്ശീഹൊ ഏസിലേദ)

മശിഹാജാതം ചെ-യ്താ ബേതലഹേമിൽ
പ്രാചിയിൽനിന്നെത്തി-ജ്ഞാനികുളവനെ മാനിപ്പാൻ
രാജാവായ്ജാതം-ചെയ്തോനെങ്ങാവോ!
ഏകട്ടഭിവാദ്യം-വന്നുവണങ്ങിൻ സാ-ഷ്ടാം-ഗം.

ജാതം ചെയ്തനൃപൻ-ബേതലഹേമിലിതാ
ഭാസുരമാം താരം-സുരികളേയറിയി-ച്ചേ-വം
പൈതലിവൻതന്നെ-കതിരുമിവൻ -തന്നെ,
നാഥനിവൻതന്നെ-സർവ്വേശൻ ദൈവം-തന്നെ.

ബേതലഹേം ഗുഹയിൽ-ചെന്നഥ ദർശിച്ചു
പൈതലിനോടൊപ്പം-മാതാവാം മറിയാം-ത-ന്നെ
അവതാരം ചെയ്തോ-രഖിലേശൻപേർക്കായ്-
കാദീശ് കാദീശെ-ന്നാർക്കും ദുതന്മാ-രേ-യും.

കീറത്തുണിചുറ്റി-പാറപ്പൊത്തിലിതാ-
പാൽനുകരുന്നയ്യോ-ലോകമഹോന്നത ദേ-വേ-ശൻ
തലമുറകളിൽ മുമ്പൻ -ശിശുപോൽ കരയുന്നു
ഭൂതലവാസികളേ!-വന്നുവണങ്ങിൻ സാ-ഷ്ടാം-ഗം.

എത്രമനോഹരമാ-ബേതലഹേം ഗുഹയിൽ
ഈറയരും നരരും-പാടിയ മോഹന സം-ഗീ-തം
വിസ്മിതയായ് മറിയാം-(്രമമാർന്നു യസേഫ്
കിർത്തിതനായ് പുരതൻ-വന്നു വണങ്ങിൻ സാ-ഷ്ടാം-ഗം.

ഇന്നാൾ ദൈവത്തിൻ-നന്ദന ജനനദിനേ-
വാനവദുതഗണം-വിസ്മയകരഗീതം-പാ-ടി
സ്തുതിദേവനുവാനിൽ-ക്ഷിതിതന്നിൽ ശാന്തി
മാനവനുത്തമമാം-ശരണവുമെന്നുൽഘോ-ഷിച്ചു.
ബാറെക് മോർ-ശുബഹോ....മെനഓലം....

ഗുഹയിൽ ജനിച്ചോനാം-സുതനായ് സ്തുതിപാടി
മാലാഖൻമാരോ-ടാട്ടിടയരുമീറേൻ-മാ-രും
തിരുവവതാരത്താൽ-വിടുതൽ നൽകുകയാൽ
ആഘോഷാർഹതയോ-ടവനെ സ്തുതിയാൽ വ--ന്ദി-ക്കാം. സ്താമെൻകാലോസ്,...

## (ഹൂസോയോ)
## പ്രുമിയോൻ

സ്വർഗീയമായ നിത്യതയുടെ മഹാവിശുദ്ധ സ്ഥാനത്ത് സ്വപിതാവിനോടും വിശുദ്ധ റൂഹായോടും കൂടെ കാദീശ് പാടി സ്തുതിക്കപ്പെടുന്ന വിശുദ്ധനും, പ്രീതിപൂർവ്വം കന്യകയുടെ നിർമ്മലമായ ഗർഭപാത്രത്തെ തനിക്കുവേണ്ടി ശുദ്ധീകരിച്ച് അതിൽ ഇറങ്ങി വസിച്ച് , ഹീനാവസ്ഥയിൽ യീഹൂദിലെ ബേത്ലഹേമിൽ വച്ച് അവളിൽ നിന്നും ജാതനായവനും, പഴന്തുണികളാൽ ആവരണം ചെയ്യപ്പെട്ട് കരുണാപുരസ്സരം ഒരു ദരിദ്രനെപ്പോലെ ആ ചെറിയ ഗുഹയിൽ മൃഗങ്ങളുടെ പുൽത്തൊട്ടിയിൽ കിടന്ന സമ്പന്നനും ഒരു ശിശുവിനെപ്പോലെ മനുഷ്യപുത്രിയുടെ മാർവിൽനിന്ന് പാൽ കുടിച്ചാനന്ദിച്ചവനായി തിരുവിഷ്ടത്തിന്റെ ആംഗ്യത്താൽ ലോകങ്ങളെ സംരക്ഷിക്കുന്നവനും,തന്നെ വന്ദിക്കുവാനായി മൂശേമന്മാരെ അവരുടെ ദേശത്ത് നിന്ന് നക്ഷത്രം മുഖാന്തിരം ആകർഷിക്കുകയും അവർ സമ്മാനങ്ങളും കാഴ്ചകളും കൊണ്ട് തന്റെ ജന്മദിനത്തെ ബഹുമാനിക്കുകയും ചെയ്ത അദൃശ്യനും ശ്രേഷ്ഠനും ആയവനു സ്തുതി, തനിയ്ക്കു ഈ സന്ധ്യാപ്രാർത്ഥനാസമയത്തും.....

പുണ്യമാക്കുന്നവനും വെടിപ്പാക്കുന്നവനും........ ഇത്യാദി

## (സെദറൊ)

സാരാംശങ്ങളുടെ എണ്ണത്താൽ വേർതിരിക്കപ്പെടുവാൻ പാടില്ലാത്ത മൂന്നു വിശുദ്ധ ക്നൂമാകളായി, എണ്ണത്തിനധീനമല്ലാത്ത ഏക സാരാംശമായി തന്റെ പിതാവിനോടും പരിശുദ്ധ റൂഹായോടും ഒരുമിച്ച് സ്ഥിതിചെയ്തുകൊണ്ട് കന്യകയുടെ വിശുദ്ധമായ മടിയിൽ നിന്നുദയംചെയ്തവനും സ്വയംഭൂവും പിതാവിന്റെ ഏകജാതനും ആയ ശിശുവേ! നിനസ്തുതി. ഇന്നുദയം ചെയ്ത ശ്രേഷ്ഠശിശുവായ നിന്നെ പുണ്യവാന്മാർ തങ്ങളുടെ ദൃഷ്ടാന്തങ്ങൾ മുഖാന്തിരം മുൻകൂട്ടി സൂചിപ്പിച്ചു; നീതിമാന്മാർ ഉപമകളാൽ നിന്നെക്കുറിച്ചുഘോഷിച്ചു ; സകല ദീർഘദർശിമാരും തങ്ങളുടെ വെളിപ്പാടുകൾ വഴി നിന്റെ അദൃശ്യതയെക്കുറിച്ചു അറിയിച്ചു. അറിയിപ്പുകാരെല്ലാവരും തങ്ങളുടെ ശബ്ദങ്ങളാൽ നിന്റെ നിത്യതയെ വെളിപ്പെടുത്തി. വിശുദ്ധ കന്യകയിൽനിന്നുള്ള നിന്റെ മാനുഷീക ജനനത്തെ അവർ ആത്മീനയനങ്ങളാൽ മുൻകൂട്ടി കാണുകയും ചെയ്തു. അദൃശ്യ ശിശുവായ നിന്നെ മുട്ടാടിനെ വഹിച്ച വൃക്ഷം മുഖാന്തിരം വംശത്തലവനായ അബ്രാഹാം മുൻകൂട്ടി ദൃഷ്ടാന്തപ്പെടുത്തി. ഇന്നു ഞങ്ങൾക്കായി ഉദിച്ച വിസ്മയ ശിശുവായ നിന്നെ "അവന്റെ ജന്മദിനം കാണുവാൻ വിജാതിയർ പ്രതീക്ഷിക്കും" എന്നു പറഞ്ഞുകൊണ്ട് പിതാക്കന്മാരുടെ തലവനായ യാക്കോബ് മുൻകൂട്ടി സൂചിപ്പിച്ചു. "എന്റെ രക്ഷകൻ ജീവനുള്ളവനാകുന്നു എന്നെനിക്കറിയാം അവസാനം ഭൂമിയിൽ അവൻ പ്രത്യക്ഷനാകും' എന്നു പറഞ്ഞുകൊണ്ട് നീതിമാനും പുണ്യവാനുമായ ഈയ്യോബ് ഈ അത്ഭുതശിശുവിനെക്കുറിച്ച് മുൻകൂട്ടി അറിയിച്ചു. വിശുദ്ധ കന്യകയുടെ ഗർഭത്തിൽ വസിച്ചിട്ടും അതിനു ന്യൂനത സംഭവിക്കാതിരുന്ന ദിവ്യാഗ്നിയാകുന്ന ഈ മഹനീയ

ശിശുവിനെ മുൾപടർപ്പിൽ വസിച്ച് ജ്വലിച്ചിട്ടും അതു ദഹിച്ചു പോകാതിരുന്ന ആ അഗ്നിയിൽ മോശ ദർശിച്ചു. വിശുദ്ധ കന്യകയിൽ നിന്നുദയം ചെയ്തവനും അലംഘ്യ മായ അധികാരമുള്ളവനും അനശ്വരമായ രാജത്വമുള്ളവനുമായ ഈ പരിശുദ്ധ ശിശുവിനെക്കുറിച്ച് ആമോസിന്റെ പുത്രൻ മുൻകൂട്ടി വെളിപ്പെടുത്തി. ഹസ്കിയേൽ ദീർഘ ദർശി ഈ അദൃശ്യ ശിശുവിനെ നാലു മുഖമുള്ള രഥത്തിന്മേൽ മുൻകൂട്ടി ദർശിച്ചിട്ട്, ജഡീകമായി ഇവൻ ലോകത്തിന് പ്രത്യക്ഷനാകുമെന്ന് ഇവനേക്കുറിച്ച് പ്രസംഗിച്ചു. ഏശായാ ദീർഘദർശി ഈ വി. ശിശുവിനെ ദർശിച്ചിട്ട് "ഇതാ കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ദൈവവും മനുഷ്യനുമാകയാൽ അത്ഭുതമെന്ന് വിളിക്കപ്പെടുകയും ചെയ്യുമെന്ന് അട്ടഹസിച്ചു. വിശുദ്ധ കന്യകയാകുന്ന രോമക്കെട്ടിന്മേൽ മഴപോലെ അവൻ ഇറങ്ങുമെന്നും മാത്രമല്ല, നീ എന്റെ പുത്രനാകുന്നു ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞു കൊണ്ട് ദാവീദ് ഈ വിസ്മയനീയ ശിശുവിനെക്കുറിച്ച് പാടി. കർത്താവ് ദാവീദിന് ഒരു കിരണത്തെ എഴുന്നേല്പിക്കുമെന്നു പറഞ്ഞു കൊണ്ട് ഈ ഓമന ശിശുവിനെക്കുറിച്ച് ഏറമിയ വെളിപ്പെടുത്തി. ഈ കൃപാലു വായ ശിശുവിനെ ദാനിയേൽ ദർശിച്ചിട്ട് കൈകൾ കൂടാതെ വെട്ടപ്പെട്ട ശില എന്നു വിളിച്ചു. " ദൈവ കൃപ നിറഞ്ഞവളെ നിനക്കു സമാധാനം ; ഞങ്ങളുടെ കർത്താവ് നിന്നോടുകൂടെയുണ്ട്. സ്ത്രീകളിൽ നീ അനുഗ്രഹീതയാകുന്നു.; സകല സൃഷ്ടികളുടേയും രക്ഷിതാവ് നിന്നിൽ നിന്നുദിക്കും" എന്നു പറഞ്ഞുകൊണ്ട് ഈ സത്യ ശിശുവിനെക്കുറിച്ച് മാലാഖമാരുടെ തലവനായ ഗബ്രിയേൽ ദാവീദു പുത്രിയായ കന്യകയോടു അറിയിച്ചു.

പരാക്രമിയായ ഈ ശിശുവിനെ ബേഹേമിൽ വെച്ച് ഈന്മാർ ആത്മീയ കീർത്തനങ്ങളാൽ സ്തുതിക്കുകയും ദാവീദിന്റെ പട്ടണത്തിൽ മിശിഹാ കർത്താവെന്ന രക്ഷകൻ ജാതനായിരിക്കുന്നതിനാൽ മഹോന്നതങ്ങളിൽ ദൈവത്തിനു സ്തുതി, താഴെ അഗാധങ്ങളിൽ സമാധാനമെന്ന് നവീന ശബ്ദങ്ങളിൽ കാഹള ധ്വനിയോടു കൂടി അവർ അട്ടഹസിക്കുകയും ചെയ്തു. ഈ അത്ഭുത ശിശുവിനെ ഇടയന്മാർ കണ്ടിട്ട് സ്തുതിച്ച് സ്തോത്രം ചെയ്യുകയും കാഴ്ചകളർപ്പിച്ച് വന്ദിക്കുകയും ചെയ്തു. രക്ഷാകരമായ ഈ ശിശുവിനെക്കുറിച്ച് സകല ഭാഗങ്ങളിലും അതിർത്തികളിലും നക്ഷത്രം ഉൽഘോഷിച്ചിട്ട് അവനെ വന്ദിക്കുവാനായി മന്നാരെ ആകർഷിക്കുകയും അവർ നിക്ഷേപപാത്രങ്ങൾ തുറന്നു തങ്ങളുടെ ദേശങ്ങളിലെ ഉത്തമദ്രവ്യങ്ങൾ അവനു കാഴ്ചയായി സമർപ്പിക്കുകയും ചെയ്തു. അവർ കൊണ്ടുവന്നു സമർപ്പിച്ച സ്വർണ്ണം, മൂര്, കുന്തുരുക്കം എന്നിവയാൽ അവന്റെ ദൈവത്വത്തെയും രാജത്വത്തേയും മനുഷ്യത്വത്തേയും സൂചിപ്പിച്ചുകൊണ്ട് ആ കാഴ്ചകൾ അംഗീകരിക്കുവാൻ അവനോടപേക്ഷിക്കുകയും ചെയ്തു. "എന്നെ വിട്ടയക്കണമെ, ഇനി ഞാൻ പോയി വിശ്രമിച്ചുകൊള്ളട്ടെ, നിന്റെ മഹാ കരുണയെ എന്റെ കണ്ണുകൾ ദർശിച്ചുവല്ലോ", എന്നു പറഞ്ഞുകൊണ്ട് വൃദ്ധനായവൻ ഈ താൽക്കാലിക ജീവിതത്തിൽ നിന്നും തന്നെ പിരിച്ചയക്കുവാൻ ഈ ദൈവിക ശിശുവിനോട് അപേക്ഷിച്ചു. ന്യായപ്രമാണത്തിൽ സൂചിപ്പിക്കുകയും ദീർഘദർശിമാർ അറിയി ക്കുകയും ചെയ്തിരുന്നവയെല്ലാം ഇന്നു സംഭവിച്ചു. മുൾപ്പടർപ്പിൽ ജ്വലിച്ചിരുന്നവൻ ഇന്നു കന്യകയിൽ നിന്നുദിച്ചു. രോമക്കെട്ടിന്മേൽ മഞ്ഞുതുള്ളിമൂലം തന്റെ രഹസ്യത്തെ സൂചിപ്പിച്ചവൻ ഇന്നുദയം ചെയ്തു. ദക്ഷിണദേശത്ത് നിന്നു വരുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നവൻ ഇന്നു പ്രത്യക്ഷനായി. വലതുവശത്തിരിക്കുന്ന പുത്രൻ എന്ന് ദാവീദിനാൽ വിളിക്കപ്പെട്ടവൻ ഇന്നു ജനിച്ചു. ഇന്നു ആശ്വാസവൃഷ്ടി ചൊരിയുകയും ഗുഹയിൽ പുല്ലു കിളിർക്കുകയും ചെയ്തു. ഇന്നു വടി പ്രത്യക്ഷപ്പെടുകയും ഈശായിയുടെ കുറ്റിയിൽ നിന്നു മുളയുണ്ടാവുകയും ചെയ്തു. ഇന്നു നമുക്കായി ഒരു ശിശു ജാതനായിരിക്കുന്നു. നമുക്കു ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ലോകൈക വീരനെ ഇന്നു കന്യക പ്രസവിക്കുകയും അവന്റെ നാമം അത്ഭുതമെന്ന് വിളിക്കപ്പെടുകയും ചെയ്തു.

ഇന്നു ദൈവം ഭൂമിയിൽ ഉദയം ചെയ്ത് ലോകത്തെ അതിന്റെ അത്യ ത്തിയോളം പ്രകാശിപ്പിച്ചു. ഇന്നു യീഹൂദിലെ ബേത്ലഹേമിൽ നിന്ന് ജീവന്റെ അപ്പം ആവിർഭവിച്ചു ഇന്നു വാതിലും അതിൽക്കൂടി പ്രവേശിക്കുന്ന കർത്താവും പ്രത്യക്ഷപ്പെട്ടു. ഇന്ന് ദൃഷ്ടാന്തങ്ങൾ നിറവേറി സ്വർഗീയബോധങ്ങൾക്കു സ്പർശിച്ചു കൂടാത്തവനെ കൈകൾ സ്പർശിച്ചു; യാതൊരു മാലാഖയുടേയും ഇന്ദ്രിയങ്ങൾ കണ്ടിട്ടില്ലാത്തവനെ ഇന്നു കൈവിരലുകൾ ഗ്രഹിച്ചു; ക്രൂബേന്മാരാൽ വഹിക്കപ്പെടുന്ന വൻ ഇന്നു കാൽമുട്ടുകളിൽ വഹിക്കപ്പെടുകയും ചെയ്തു. ആകയാൽ ഉദരത്തിൽനിന്ന് യോഹന്നാൻ എന്നപോലെ ഞങ്ങൾ നിന്നെ വന്ദിക്കുന്നു; പെട്ടകത്തിന്റെ മുമ്പിൽ ദാവീദ്

എന്നപോലെ ഞങ്ങൾ ആഘോഷിക്കുകയും ചെയ്യുന്നു. ജഡപ്രകാരമുള്ള നിന്റെ ഈ മഹനീയ ജന്മദിനമാഘോഷിക്കുവാൻ അർഹരായി ഭവിച്ചിരിക്കുന്ന ബലഹീനരും പാപികളുമായ ഞങ്ങൾ അപേക്ഷിക്കുകയും പ്രാർത്ഥിക്കു കയും ചെയ്യുന്നു നീതിമാൻമാരോടു കൂടെ നിന്നെ സ്തുതിക്കുവാനും പുണ്യവാൻമാരോടുകൂടെ നിന്നെ പുകഴ്ത്തുവാനും ദീർഘദർശിമാരോടുകൂടെ നിന്നെ സ്തോത്രം ചെയ്യാനും ശ്ലീഹൻമാരോടുകൂടെ നിന്നിൽ ആനന്ദിക്കുവാനും ആത്മീയരായ സ്വർഗീയ ഗണങ്ങളോടുകൂടെ നിനക്കു കാഹളമൂതുവാനും ഞങ്ങളെ യോഗ്യരാക്കണമേ. നിന്റെ രണ്ടാമത്തെ പ്രത്യക്ഷതയുടെ ദിവസത്തിൽ സകല പാപങ്ങളുടേയും പരിഹാരത്തിനും സകല നിയമ ലംഘനങ്ങളുടേയും മോചനത്തിനും സകല മാലിന്യങ്ങളുടേയും നിർമ്മലീകരണത്തിനും സകല കറകളുടേയും ശുദ്ധീകരണത്തിനും ഞങ്ങൾ അർഹരായി ഭവിക്കണമേ. നിന്റെ കൃപ തക്കവണ്ണം ഞങ്ങളോടു പ്രവർത്തിക്കണമേ. ഞങ്ങളുടെ കടങ്ങൾക്കനുസരണമായി ഞങ്ങൾക്കു പ്രതിഫലംനൽകരുതെ. നിന്റെ ശരണത്തിൽ നിദ്രയടഞ്ഞവരും നിന്റെ വെളിപാടിനെ പ്രതീക്ഷിക്കുന്നവരുമായ വിശ്വാസികളായ സകല പരേതർക്കും കരുണയോടെ ആശ്വാസവും ശ്രേഷ്ഠവും സ്വർഗീയവുമായ ബലിപീഠത്തിന്മേൽ നല്ല ഓർമ്മയും നൽകണമെ. ഞങ്ങളും അവരും നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റു കയും ചെയ്യുമാറാകണമെ, ഹോാ....... മെൻ ആലോഹെ......

## കോലോകൾ

ശിശുവാ-യ് സ്വയമേ വെളിവായി നരവേ-ഷത്തിൽ ജീവി-ച്ചോ
രാശ്ചര്യ-ത്തിൻ ശിശുധന്യൻ ആംഗ്യ-ത്താലുലകം-വാഴ്വോൻ
ആദാമിനെ സംരക്ഷിപ്പാൻ
വന്നൊരുനാളിൽ-ശിശുപോൽ ചാ-ഞ്ചാ-ടി.
വചനം-നരനുപദേശിച്ചോൻ ശിശുപോൽ-മുകത പൂകുന്നു
സ്തു-ത്യം-തദ്വിനയം ക്രൂബകൾ തൻ
ഉന്നതിയെ നി-കൈവിട്ടു മറിയാം

നിന്നെ പാഴ്ത്തുണിയിൽ ചുറ്റാൻ
തക്കവിധത്തിൽ നി-നിൻ-ശ്രേഷ്ഠതയെ താഴ്ത്തി.
ബാറെക്മോർ....ശുബഹോ....
യൌഈസേ-പ്പങ്ങേലാളിപ്പു തായാം-മറിയാം മോ-ദിപ്പു
സ്വർഗ്ഗീ-യം സൈന്യം താണു ഭൂവാ-സികളെ പ്രാ-പിച്ചു

ഈറേരും ദർശിക്കാത്തൊരു
നിൻമാനത്തെ-പാരിൽ ദ-ർശി-ച്ചാർ

ശിശുവാ-യോൻനി പുൽക്കൂട്ടിൽ മരുവീ-ടുന്നതുക-ണ്ടാറെ
നിൻ-ബഹുമാന്യതയെ സ്തുതിപാടി
പ്യാദം കൂപ്പി-കാഹളനാദത്താൽ
നിൻമാഹാത്മ്യം ദർശിപ്പാ നർഹതനേടിയ മർത്യർ-ക്കേകീ സൌഭാഗ്യം മെനഗാലം....

പുനരുത്ഥാനമതില്ലായ്കിൽ സഹേദ-ർവധമെന്തിന്നേറ്റു
പരലോ-കം നാസ്തിയതെങ്കിൽ നല്ലോ-രെന്തിനുപോ-രാ-ടി
പുനരുത്ഥാനം കളവെങ്കിൽ
മശിഹാ മൃതരി-ന്നെഴുന്നേറ്റി-ടി-ല്ല.
മൃതരേ! നന്ദനനെനോക്കിൻ ദൈവ-ത്തിൻ ജീവാ-രാവം
ജീ-വൻ-പൊയ്പോയോർ കേൾക്കുമ്പോൾ
കബറുകൾ പൊളിയും-സ്വാഗതമവനേകാൻ
അവരെത്തിടുമെന്നാദുതിൻ ചൊല്ലിയ വാക്കിൻ ശരണം-പരമാർത്ഥം-നൂനം.
മൊറിയൊ....

(എത്രോ)

പിതാവാം ദൈവത്തിന്റെ മഹനീയ മനസ്സിലെ ഉൽകൃ ജ്ഞാനമാകുന്ന സുഗന്ധവാഹിയായ വിശുദ്ധപുഷ്പമേ!നിനക്കു സ്തുതി, പാപത്താൽ അഴുകിയിരുന്ന ഞങ്ങളെ വിശുദ്ധമായ നിന്റെ ഘ്രാണത്തിന്റെ പരിമളവാസനയാൽ ആന നിപ്പിക്കുന്നതിനുവേണ്ടി അനുഗ്രഹീതയായ മറിയാമെന്ന വരണ്ട ഭൂമിയിൽനിന്ന് നീ സൃഷ്ടിയിൽ മുളച്ചുവന്നു. കർത്താവെ ദയവുള്ള നിന്റെ കർതൃത്വത്തിനു ഞങ്ങളുടെ ദുർബലഹസ്തങ്ങളാൽ ഞങ്ങൾ സമർപ്പിച്ചിരിക്കുന്ന ഈ ധൂപത്തെ കൈക്കൊ ള്ളണമേ. ഞങ്ങളുടെ കർത്താവും നിത്യദൈവവുമേ! മഹനീയമായ നിന്റെ ശ്രേഷ്ഠതയുടെ സൗരഭ്യകരവും അദൃശ്യവുമായ ഭംഗിയെ സൂക്ഷ്മമായി നിരീക്ഷിക്കുവാൻ പര്യാപ്തമായ ആത്മീയവും പ്രകാശിതവുമായ ദിവ്യജ്ഞാനം ഞങ്ങൾക്കു സമ്പാദ്യമായി നൽകേണമെ. മോറാൻ

(തുബൈക്ക് ഈത്ത)
(മാനുസോപ്പേക്ക്)

ആ-രാളാവു-വർണ്ണിപ്പാൻ ബേതലഹേമിൽ
ഇന്നുളവായ മഹാശ്ചര്യം കണ്ടുബുധന്മാ-ർ വിസ്മിതരാ-യ്
ഒരു പൈതലിതാ-പുൽക്കൂട്ടിൽ,കീറത്തുണിയിൽ മേവുന്നു
കാഴ്ചയിലവനെളിയോനെന്നാൽ ശ്രമമാഗേയർ-ക്കേറ്റുന്നോ-ൻ.
മാനവജന്മം-പൂണ്ടോനാം ദൈവതനുജനിവൻ-സത്യം. ബാറെക്മോർ-ശുബഹോ....

ഘോ-ഷിതമായി-സുതജനനം ബേ-തലഹേമിൽ
ആകർഷിച്ചാ സുവിശേഷം സരണിബുധന്മാർ-ക്കെളുതാക്കി
കൈത്താരിൽ കാ-ണിക്കകളും ഹൃത്തിൽ വിശ്വാസവുമേന്തി
ഗുഹയിൽപൂകി സൃഷ്ടിയിതിൽ ധരണിതലത്തിൻ -സീമവരെ
പ്രഭവിശിടും-മശിഹായാം ദുരിതവിമോചകനെ-കുപ്പി. മെനഗാലം....

വ-ർഷിക്കട്ടേ-താതനയച്ചി-ട്ാബാബേൽ
തീച്ചുളയിൽ ബാ-ലൻമാ-രിൽ വീഴ്ത്തിയ ജീവ-പ്പനിനീ-രാ
മൃതിലോകത്താ-കുലമേറും ഭവനങ്ങളിൽ മരുവുന്നോ-രിൽ
നിന്നഭയത്തിൽ നിദ്രിതരാം ദാസൻമാർതൻ-പിഴപോക്കി
ട്ടവകാശം നൽ-കീടേണം ശാശ്വതസുസ്ഥിര രാ-ജ്യത്തിൽ

(പെത്ഗോമോ)

ഹാലേ-ഉഹാലേ-നാഥൻ ചൊന്നെന്നോടെൻ തനയൻ നീ-ഇന്നാൾ
നിന്നെയുൽപ്പാദിപ്പിച്ചേൻ- ഹാലേ....

ഏവൻഗേലിയോൻ

(കുക്കിലിയോൻ)

മക്കളിലപ്പൻ കൃപചെയ്യതുപോലേ....

ശരണത്താലെ നിൻകൃപയിൽ....

രക്ഷകനേ നിൻ ഗാത്രത്തെ....

മൃതരെ ജീവിപ്പിപ്പാനെഴു.... മൊറിയൊ....

(മാർ യാക്കോബിന്റെ ബോവുസ്സൊ)

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയന്മാർ ബേതലഹേമിൽ പാടിയപോലെ

വന്നീക്ഷിപ്പിൻ വാനിൻതേരിൽ വാഴുന്നോനെ
പേറീടുന്നു കന്യകചിധതം! ഹസ്തതലത്തിൽ

ഗ്രബീയേലും വൃന്ദവുമൊപ്പം വന്ദിപ്പോനെ
യൌഈസേപ്പാദ്യന്മാർ പാണികളിൽ കൊണ്ടാടുന്നു

സ്തോ്രം! വാനിൽ മാഹാത്മ്യം തിങ്ങീടുന്നോനേ!
ഭൂവിൽ ജന്മശ്ലോമ്മോയാൽ മോദം ചേർത്തോനേ।

ജന്മത്താൽ ദിക്കെങ്ങും തോഷം വർഷിച്ചോനേ
പ്രേഷകുതാതാ! പാവനറൂഹാ! നിത്യം സ്തോത്രം!

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയന്മാർ ബേതലഹേമിൽ പാടിയപോലെ.

ശുദ്ധൻ നീ ആലോഹഫഹൊ....

## സുത്താറാ പ്രാർത്ഥന
(കൗമ)

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വ്ഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വ്ഗ്ഗത്തിലെപ്പേലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കുംതനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ.
ആമ്മീൻ.
(മെൻഹഫഹൌബയ്മോർ)

ഞാനഞ്ചുന്നേൻ പാപത്താൽ
ശുദ്ധർക്കേകും മോദപ്പൂങ്കാവിൽ
വേലിക്കൊത്തെന്നെ നാഥാ!
എൻ പാപം രോധിക്കല്ലേ
രക്ഷിച്ചെന്നെ നരകത്തീ-
ന്നേകുകവാസം തിരുഹിതമാം സ്ഥാനേ. ബാറെക്മോർ-ശുബഹോ....
സ്തുതിയനുതാപക്കാർ മുമ്പിൽ
വാതിൽ തുറക്കും രാജാവാമീശോ!
പാതകിയാം ഞാനർത്ഥിപ്പൂ
നൽവര ദാനത്താൽ മോദം
നൽകുക ഭാവുക ദാതാവേ!
തീരണമേ ഞാൻ നിന്നുടെ കിന്നരമായ്. മൊറിയൊ....

## (മാർ ബാലായിയുടെ ബോവുസ്സൊ)

പാപം ചെയ്തോരോടാർദ്രതയുള്ളവനേ!
അൻപുണ്ടാകണമേ നിൻ വിധിദിവസത്തിൽ

ആർത്തന്മാർ വാതിൽ മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾക്കുത്തരമരുളണമേ

വാനവനാം താതാ! യാചിക്കുന്നടിയാ-
രീശുധരൂഷയെയേറ്റാർദ്രത തോന്നേണം

വാനവർ തന്നീശാ! മാനവർ തൻഗതിയേ!
ഈ ശുശ്രൂഷയേയേറ്റാർദ്രത തോന്നേണം.

ബാറെക്മോർ, അത്യുന്നതന്റെ മറവിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനും ആയുള്ളോവേ!

ബാറെക്മോർ, എന്റെ ശരണവും സങ്കേതസ്ഥലവും ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നുവെന്ന് കർത്താവിനെക്കുറിച്ച് നീ പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽനിന്നും വ്യർത്ഥസംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾകൊു നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽനിന്നും പകൽ പറക്കുന്ന അസ്ത്രത്തിൽനിന്നും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽനിന്നും ഉച്ചയിലൂതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്തു ആയിരങ്ങളും നിന്റെ വലതു ഭാഗത്ത് പതിനായിരങ്ങളുംവീഴും.

അവർ നിങ്കലേക്ക് അടുക്കുകയില്ല. എന്നാലോ നിന്റെ കണ്ണുകൾകൊണ്ടു നീ കാണുകമാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും.

എന്തെന്നാൽ തന്റെ വാസസ്ഥലം ഉയരങ്ങളിൽ ആക്കിയ എന്റെ ശരണമായകർത്താവു നീയാകുന്നു.

ദോഷം നിന്നോടടുക്കുകയില്ല. ശിക്ഷ നിന്റെ വാസസ്ഥലത്തിനു സമീപിക്കുകയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളും നിന്നെ കാക്കേണ്ടതിനായിട്ട് അവൻ നിന്നെക്കുറിച്ച് അവന്റെ മാലാഖമാരോടു കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുാകാതിരിപ്പാൻ അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

ഗോർസോ സർപ്പത്തെയും ഹർമ്മോനോ സർപ്പത്തെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ച് ബലപ്പെടുത്തും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെയിരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ട്ഞാൻ അവനെ തൃപ്തിപ്പെടുത്തും. എന്റെ രക്ഷ അവനു ഞാൻ കാണിക്കുകയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും. എന്റെ സഹായക്കാരൻ എവിടെ നിന്നു വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയില്ല.

എന്തെന്നാൽ യിസ്രായേലിന്റെ കാവൽകാരൻ ഉറക്കം തൂങ്ങുന്നുമില്ല, ഉറങ്ങുന്നുമില്ല.

കർത്താവു നിന്റെ കാവൽകാരനാകുന്നു. കർത്താവു തന്റെ വലതുകൈ കൊണ്ടു നിനക്കു നിഴലിടും.

പകൽ സൂര്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കയില്ല.

കർത്താവു സകല ദോഷങ്ങളിലും നിന്നെ കാത്തുകൊള്ളും. കർത്താവു നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നു മുതൽ എന്നേക്കും കാത്തു കൊള്ളും. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറക്മോർ.

മഹോന്നതന്റെ മറവിലിരിക്കുന്നവനായ കർത്താവേ! നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളോടു കരുണയുാകേണമേ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കേണമേ.

മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ.

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊിരിക്കുന്നു. ഞങ്ങളുടെകടങ്ങളും പാപങ്ങളും നീ പുണ്യപ്പെടുത്തി ഈ ലോകത്തിലും ആ ലോകത്തിലും ഞങ്ങളോടു കരുണ ചെയ്യേണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുഖങ്ങളിൽ നിൽക്കേണമേ. നിന്റെ സ്ലീബാ + ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിക്കണമേ. നിന്റെ നിരപ്പു ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ. നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമേ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ, ദൈവമേ ഞങ്ങളുടെ കടങ്ങൾക്കു നീ പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യണമേ.

## ക്രൂബേന്മാരുടെ സ്തുതിപ്പ് (കൗമാ)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. + വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളോടു കരുണയാകണമേ.

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. + വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, ഞങ്ങളോടു കരുണയാകണമേ.

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നന്നേക്കും വാഴ്ത്തപ്പെട്ടതുമാകുന്നു. + വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ, കൃപയുായി ഞങ്ങളോടു കരുണയാകണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി, എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറക്മോർ

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ!....

കൃപനിറഞ്ഞ മറിയമേ!....

## വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും, കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും, സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും, തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും, മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി, വിശുദ്ധറൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിൽനിന്നും ശരീരിയായിതീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേ കുരിശിക്കപ്പെട്ട്, കഷ്ടമനുഭവിച്ച്, മരിച്ച്, അടക്കപ്പെട്ട്, മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്, സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തു ഭാഗത്തിരുന്നവനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജത്വത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹാ ആയ, ഏകകർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്നു പുറപ്പെട്ട്, പിതാവിനോടും പുത്രനോടുംകൂടി വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും കാതോലിക്കായ്ക്കും ശ്ലീഹായ്ക്കു മടുത്ത ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസാ ഒന്നുമാത്രമേ ഉള്ളു എന്ന് ഞങ്ങൾ ഏറ്റുപറഞ്ഞ് മരിച്ചുപോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെപുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

ബാറെക്മോർ, സ്തൗമൻകാലോസ്, കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ,

ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ മേൽ നീ അനുഗ്രഹിക്കേണമേ. ഞങ്ങളുടെ കർത്താവേ! നീ കൃപ ചെയ്തു ഞങ്ങളുടെമേൽ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കർത്താവേ! നീ ഉത്തരമരുളിച്ചെയ്തു ഞങ്ങളുടെമേൽ അനുഗ്രഹിക്കേണമെ. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി എന്നേക്കും ഞങ്ങൾക്കുള്ള ശരണമേ നിനക്കു സ്തുതി. ബാറെക്മോർ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ....

നന്മനിറഞ്ഞ മറിയം....

## കുക്കിലിയോൻ.

മാനവ-വത്സലനേ- ക്രൂബേസ്രോപ്പേമാലാഖ
സ-ഹിതം ഞങ്ങൾ, വാ-ഴ്ത്തും കാദിശ്
പാടും പ്രണമിക്കും നാ-ഥാ! സ്തുതിതേ നിഖില ജഗന്നിർമ്മാ-താ-വേ!
പേർഷ്യൻ -വിബുധൻമാർ0-ആദ്യജനുപഹാരങ്ങളുമായ്
വ-ന്നുൾപ്പുകി, സം-ശ്രമസഹിതം
പ്രണമിച്ചുരചെയ്തു, നാ-ഥാ! സ്തുതി തേ

മനുജ-പ്രിയനേ। നിൻ-ദൈവത്ചത്തിനു കാഴ്ചകളേ
യ-വരർപ്പിച്ചു, മാനിക്കുന്നു
സഭതിരുജനനദിനം നാഥാ! സ്തുതി തേ നിഖില...

പ്രഭയിൻ-സുപ്രഭയേ- ശാശ്വതതാതൻ തൻതനയാ!
അൻ-പാലേറ്റു നീ-നരജനനം
സ്തുതിയരുളുന്നെങ്ങൾ, നാ-ഥാ! സ്തുതി തേ.

പേർഷ്യൻ- വിബുധൻമാർ-കാഴ്ചകളങ്ങേക്കർപ്പിച്ചു
ബേ-തലഹേമിൽ, ഘോഷിച്ചേവം
മാനവവത്സലനേ।! നാ-ഥാ സ്തുതി തേ നിഖില...
ബാറെക്മോർ-ശുബഹോ....മെനഗാലം....

മേലു-റിശിലേമിൽ -ഭൂവാസികളുടെ സഭയിതിലും
നിൻ-നാമത്തിൽ, നി-ദ്രിതരടിയാർ
ക്കരുളണമേ സ്മരണ, നാഥാ! സ്തുതിതേ നിഖില... കുറിയേ....കുറിയേ.... കുറിയേ....
രാധ്തിപ്രാർത്ഥന

## (കുക്കോയൊ-ഹെബ്ലെദ്യൽദൊ)

മുറ്റുന്നിറ്റിൻനോ-വെന്നിൽ യസേപ്പൊടു ചൊന്നാൾ
നീതിജ്ഞാ! ബേതലഹേമിൽ ഗുഹയിൽപോയി-ടാം
ഇല്ലൊരുപായും-കട്ടിലുമീയു-ള്ളോൾ-
ക്കീയുലകത്തിൽ -ഞാനാശ്രയഹി-ന
ലോകപുരാതനനേ-ഗുഹയിൽ പ്രസവിച്ചയു-യ്യോ
ജഗതീരക്ഷകനെ-ഞാൻ പുൽക്കൂട്ടിൽ പാലി-ക്കും ഹാലേലുയ്യാ-ഉഹാലേലുയ്യാ
ബാറെക്മമോർ-ശുബഹോ....

ഭാഗികമായ് ദൃഷ്ടാന്ത -ത്തിൽ നിബിയൻമാർമു-ലം
പൂർവ്വികതാതരൊടായ് താ-തൻ പൂർവ്വം ഭാഷി-ച്ചു
നമ്മോടിന്നീ-യന്തിമകാല-ത്തിൽ
വത്സലതനയൻ-വഴിയായ് ഭാഷിച്ചു
അവകാശിയവൻ മു-ലം താൻനിർമ്മിതമായ്ലോ-കം
ബേതലഹേം ഗുഹയിൽ ജാ-തം ചെയ്തോനവനംല്ലോ ഹാലേലുയ്യാ-ഉഹാലേലുയ്യാ.

## (ഇശ്മോക്ക് മോറാൻ)

ഹാ! -ബലഹീനൻ-ഞാൻ
നാഥാ! നിന്നെ വർണ്ണിപ്പാ-ൻ വഴിപോലെ
നിൻചരിതം വചനാ-തീ-തം.
ആ.-ദാ-മി-ന്റെ സൃഷ്ടാവേ! പുണ്ടേൻ
നിൻജന്മത്തിൽ-ഞാനാശ്ചര്യം

വാനവദുതൻ -മാർ-ജഗതീ-ദാഹകമാം
നിൻജ്വാലാനിവഹം-ത-ന്നിൽ
ക-മ്പം-പുകുമ്പോൾ
ഭാതികമുദരം-തേമതിയാ-യി

എരിയായ്വാൻനിൻ-കതിരുകളിൽ കൃപയാൽ നീ
കൈത്താരതിലവളേ-ത്താ-ങ്ങി. ബാറെക്മോർ -ശുബഹോ....

എൻ -വദനം ദിനം
ദൈവത്തിൻ പ്രാ-ണാത്മകനാം-കുഞ്ഞാടിൻ
മാഹാത്മ്യത്തെക്കീർ-ത്തി-പ്പാൻ
പാ-രും-വാ-നും നിറയും നിന്നേയാ

മറിയാമങ്ക-ത്തിൽ കൊണ്ടാ-ടി
ഹാ! മാനവനേ-യെന്നവിധം-[്രസവിച്ചു
ശിശുപോൽ നീ പാലൂൾ ക്കൊണ്ടു
ജ-ഗതി-രക്ഷകനേ!
താവക മദ്ധ്യ-സ്ഥതയാൽ ശാഠ-ന്തി
നേടിയ സ്വർഗ്ഗീ-യൻമാരും-ഭാമികരും
സ്തുതി ഗീതം-തവ പാ-ടു-ന്നൂ.

(ലൊക്ശുബഹോമെൻ)

നാ-ഥാ! ഈ നിൻ ജന്മത്തിൻ നാ-ളിൽ
വായ്കളിൽ നിന്നെല്ലാം സ്തോ-്രം-തേ.

1.നിൻ-ശ്രേഷ്ഠത തന്നുന്നതി കൈവിട്ടു
ഹീനതയെ സ്വയമാ-ർന്നോ-നാ-കും
സ-ര്വ്വ (പാണദനേ വർണ്ണി-ച്ചിടാൻ
മതിയാകും മൃതിയു-ള്ളോ-നേ-വൻ
ജന്മശീദായകനേ! നിൻ ജന്മത്തേയുൽഘോഷിച്ചി-ടാൻ
ഏകുകബലമെൻമനതാരിനു നിൻ ശ്രേഷ്ഠതയേ ശോധിക്കാ-തെ

ആ-ർദ്രതയെ ഞാൻ ഘോഷിച്ചീ-ടേ-ണമേ
ദൃശ്യനദൃശ്യൻ നീ-ധന്്യൻ -താൻ.
2.ആശ്ചര്യം-ഗാത്രം തന്നിൽ-പു-്രൻ
പൂർണ്ണതയോടെടഴുന്ന-ള്ളി-പാ-ർത്താൻ
സ-മ്പുർണ്ണതയൊടു ഗാത്രത്തിൽ -വാ-ണാൻ
മതിയായ് മരുവീടാ-നാ-ഗാത്രം
അന്യു-നപ്രീതിയൊടവിടധിവാസം ചെയ്താൻ സീമാ-തീതൻ
പൂർണ്ണനരത്വമൊടമരുമ്പോൾ പൂർണ്ണാധീശത്വം പുണ്ടോ-നെ
വർണ്ണിച്ചീടാൻ മതിയായോ-നേ-വൻ
സീമാതീതനവൻ-ധ-ന്യൻ-താൻ.
3.സാക്ഷാൽ സ്വർഗ്ഗീയതയിൽ വാ-ഴുമ്പോൾ
ഭാമികനായോനേ- സ്തോത്രം-തേ
സ്വർഗ്ഗീയാദ്യതനുജൻ സ്നേ-ഹ-ത്താൽ
ആദ്യജനായോൻ മറിയാ-മീ-ന്നും
ദൈവത്തിൻ ശിശുവാകുന്നോൻ പേരിനു യൌസ്സേപ്പിന് ശിശുവാ-യി
സ്വേ-ഷ്ടത്താൽ സാക്ഷാൽ ദൈവം മാനവജനനത്തെ കൈക്കൊ-ണ്ടു
നിൻ-തിരുവിഷ്ടം മഹനീയം-ശ്രേഷ്ഠം
താവകമാം ജന്മം-ധന്യം-താൻ
4.താ-തേശാത്മജ പരിശുദ്ധാ-ത്മാ-വേ!
ആരംഭം മുതലേ-സ്തോത്രം-തേ!
നി-ന്നിലുദിച്ചേൻ നൽകബലം-നാ-ഥാ!
പരിണാമത്തോളം-ചെ-ന്നെ-ത്താൻ

നാ-നാവിധഭംഗികളെയും നിഹനിക്കും കുഴിമാടം ത-ന്നിൽ
എന്നുടെ ബലഹീനതയോലും വാക്കുകളവസാനി ച്ചീടു-മ്പോൾ
തീ-നരകത്തിൽ രക്ഷിതനാ-യീ-ടാൻ
കൃപ ചെയ്തീടണമേ-കർത്താ-വേ!

## (ബ്സുൽത്തൊബെസ് ദാവീദ്)

ദാവീദിൻ- മകൾ കുന്നി
ജനതാമദ്ധ്യേ നി-ന്നീ-ടു-ന്നു
കൈകളിൽ മേവുന്നുണ്ണി
താർക്കികരവനെ ചു-ഴു-ന്ന-ല്ലോ
പാർക്കുന്നേ-കൻ, നേർക്കുന്ന-ന്യൻ
സാക്ഷിച്ചന്യനിവൻ-താ-ൻ ദൈ-വം.
ദാവീദിൻ -മകൾ കുന്നി
നമ്മെ വിളിച്ചാൾ സ്നേ-ഹ-ത്താൽ -തൻ
പന്തിയിലേ-ക്കീനാളിൽ
വരുവിൻ നമ്മൾക്കാ-മോദി-ക്കാം.
അവളോടൊ-ന്നിച്ചുൽഘോഷിക്കാം
തൽഫലമീശൻ താ-നെ-ന്നേ-വം.
കന്യകയായ്-നല്ലാരിൽ
പൈതലിനെ പ്രസവി-ച്ചോ-ളേ-വൾ
സംഗമരാ-ഹിത്്യത്തിൽ
സ്തന്്യയവുമുണ്ണിയുമെ-ന്നാർ-ക-ണ്ടു
അദ്ഭുതവാ-ർത്ത, വിസ്മയ വാർത്ത
വാദിഗണം വായ് മു-ടീ-ട-ട്ടെ.
താതയുതം-നീ ദൈവം
അതിനാൽ ജാതികൾ തൻ-ന-ന്ദ-നയാം
തിരുസഭ നി-ന്നുദയത്തെ
സങ്കീർത്തിച്ചഭിമാ-നം-കൊൾ-വൂ
പ്രേമം-നൽക, ക്ഷേമം-നൽക.
തൽദാതാവാം താ-തൻ-ധന്യൻ.
മഹിതാത്മാ-വേശായാ
വിക്രമിയെന്നാനീ-മശി-ഹാ-യെ
വിസ്മയജ-ൻമത്താല-
ഞ്ഞത്ഭുതമെന്നും ഹാ-കൊ-ണ്ടാ-ടി
അവനോ-വീരൻ, വിസ്മയ-നീയൻ
ഏശായായുൽഘോ-ഷി-ച്ചോ-ണം.
ദൂതവരൻ-മശിഹായെ
ഉടയോനെന്നാഹ്വാ-നം-ചെയ്തു.
ഇല്ലല്ലോ-ദുതന്മാർ
കഴുടയോനങ്ങനെ-മനു-ജോ-ൽഭു-തൻ
അവനോ-ദൈവം, ദൈവോൽദഭു-തൻ
അതിനാൽ ഗവ്രിയേ-ലിൻ-നാഥൻ.
കാതതിലൂ-ടുൾ പൂകി
ബാലിക തന്നിൽ വ-ചനം-വാണു
ഉദരത്തീ-ന്നിപ്പാരിൽ
കായികമായിജ്ജാ-തം-ചെ-യ്തു
ശിശുവോ-വൃദ്ധൻ-; പരമാശ്ചര്യം!
ഇക്കഥ സംഭ്രമമാർ-ക്കേ-കീ-ടാ.
ആരിവനാർ-തൻസുനു?
മറിയാമിൽ സംജാ-തം-ചെ-യ്തോൻ
സത്യമയൻ - ദൈവത്തീ
ന്നുദയം ചെയ്തൊരു ദൈ-വം-ത-ന്നെ

ദ്യോവിൽ -ദൈവം, മന്നിൽ -മർത്യൻ,
സന്ദേഹിപ്പോൻ ശാ-പാ-ർഹൻ-താൻ.  മൊറിയൊ റാഹോം....

(മാർ യാക്കോബിന്റെ ബോവുസ്സൊ)

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയന്മാർ ബേതലഹേമിൽ പാടിയപോലെ

പൈതലിനെന്നോണം ബാലിക പാലേകീടുമ്പോൾ
ദാനം ചെയ്താൻ ബീജങ്ങൾക്കായ് നീരും മഞ്ഞും

വിശ്വാസത്തിന്നാത്മാവാൽ നീ ബോധിക്കേണം
മേലും കീഴും സമ്പൂർണ്ണം വാഴുന്നുണ്ടീശൻ.

കേൾവിക്കാർ കേട്ടില്ലെന്നാലും കേട്ടെന്നാലും
ജീവൻതൻചൊൽ ചൊല്ലുന്നോനേ ചൊല്ലു ചൊല്ലു

നൈർമ്മല്യത്തോടൻപും നിറയുന്നോളേ! ശാന്തി!
താതൻതൻ നിക്ഷേപം പേറും നൌകേ ശാന്തി!

നിർമ്മലമാകും മാണിക്യത്തിൻ മുത്തേ ശാന്തി!
നിന്നിൽജാതം ദൈവസുതൻ ചെയ്തതിനാൽ ശാന്തി!

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയന്മാർ ബേതലഹേമിൽ പാടിയപോലെ.

രണ്ടാം കൗമാ
(ആബൈാക് സബുവോ)

ജഗതീരക്ഷക മശിഹായേ
പെറ്റോളാം മറിയാം ധന്യ
കുറിയേ....കൂറിയേ

(തെശഓയറഹെ)

ഒമ്പതുമാസം-മറിയാമേന്തി
ജനകേശൻ-തൻ, വലമായ് വാ-ഴ്വോ-നെ
തേരിലമർന്നോൻ-വാണുദരത്തിൽ
തേജോധാ-രി, പാഴ്ത്തുണികൾ ചുറ്റി
ന-രനായ് ദൈവം
സുതസഞ്ചയമൊത്താദമിനെ
സംര-ക്ഷിപ്പാ-നാ-ശ്ച-ര്യം.       ബാറെക്മോർ-ശുബഹോ....മെനഓലം....

ഏന്തിമറിയാം-സർവ്ൃവംഭരനെ
ഉൽഘോ-ഷിച്ചാൾ-സ്പുടമവനോ-ടേ-വം
ഉന്നത സുനോ-നരവംശത്തെ
സംരക്ഷി-പ്പാൻ, ഹിതമൊടുതാ-ണെ-ത്തി *
മെ-യ്യാർന്നോനേ!
നിഖിലാധീശാത്മജനേ! നിൻ
മാതാ-വാകും-ഞാ-ൻ ധന്യ!

(ന്ഹെസ് ഈറൈ-റമൊ?)

അധിനാഥൻ-ജനിയാർന്നു പാഴ്ത്തുണിയാ-ലാവൃതനായ്
പാർത്തപ്പോൾ-വാനവരാം ഈറയരും-ദൂതരുടെ
വ്യദ്യൂഹമതും-വന്നെത്തി കാഹള നാ-ദത്തോടെ
ഹാലേലുയ്യാ-ഉഹാലേലുയ്യാ താഴ്മ വരി-ച്ചോൻ ധന്യൻ.

ബാറെക് മോർ-ശുബഹോ....മെനഓലം....

സൃഷ്ടികളെ-രക്ഷിപ്പാൻ ദാവീദിൻ നന്ദിനിയിൽ
സംജാതം-ചെയ്തോനാം മിശിഹായേ-ബേതലഹേം
പുക്കുടനെ-കാൺകെന്ന ങ്ങിടയൊരൊട-ത്യാനന്ദം
ഹാലേലുയ്യാ-ഉഹാലേലുയ്യാ മാലാഖാ -യറിയിച്ചു.

## (ബീഖൊയ് മറിയാം)

ജഗതിരക്ഷക മിശിഹായെ പെറ്റോളാം മറിയാം ധന്യ.

1.കതിരേറിടും കതിരോനീ ലോകം ദർശിപ്പാനെത്തി-
പ്രേക്ഷക ലോകത്തി. നക്ഷികൾ മാഞ്ചായ്യാൻ
നരരുപത്തിൽ സസ്നേഹം ചെയ്താനുദയം ലോകത്തിൽ.

2.മഹിമാവിൻ മഹിതം രൂപം മഹിമാവീ മാനുഷനേകാൻ
മാനുഷവേഷത്തിൽ വെളിവായി മന്നിൽ
പൂർണ്ണം താതേശനു തുല്യൻ പൂർണ്ണം നമ്മൾക്കും തുല്യൻ.

3.സ്വർഗ്ഗീയസുതൻ പ്രേക്ഷിതനായ് മേലീന്നും ഭൂലോകത്തിൽ
ഉന്നത സ്വർഗ്ഗത്തിൽ ഭാമികരെയേറ്റി
ദൈവികമാം ബാന്ധവമേകി ദൈവത്തെ പ്രീണിപ്പിക്കാൻ.

4. എരിതീ ജ്വാലയിലെരിയായ്യാൻ സ്രോപ്പേൻമാർ വദനം മൂടി
നിർമ്മല നാദത്താ ലാരേകിർത്തിക്കു-
ന്നവനെ ശിശുപോൽ സാധു സ്ത്രീ താരാട്ടിത്താലോലിച്ചു.

5.ഗ്രഹയൂഥത്തെയാംഗ്യത്താൽ കാലാവസ്ഥിതിയുളവാം മ-
ട്ടത്ഭുതവേഗത്തിൽ പായിച്ചീടുന്നോൻ.
നീന്തി ശിശുപോൽ സ്വകജനിയാൽ ശ്രീയാർന്നൊരു ബേതലഹേമിൽ.

## (തഌൗകുൽഖുൻൻ)

സംരക്ഷിത-ജാതികളേ! വരുവിൻ പാടിൻ
തനയൻ തൻ ജനനത്തിൽ സ്തോത്രം പാടിൻ

താഡിപ്പിൻ-താഡിപ്പിൻ-കരമിന്നാളിൽ
തനയൻ തൻ-ജനനത്തിൽ -സ്തോദ്രതം പാടിൻ.

താണുപറ-ന്നീറേൻമാർ-ബേതലഹേമിൽ
തനയൻ തൻ-ജനനത്തിൽ-സ്തോത്രം പാടി.

അപഥം വിട്ടപരന്മാർ-തിരികെ വന്നു
തനയൻ തൻ -ജനനത്തിൽ-സ്തോഖ്രം പാടി.

സുവിശേഷ-ഗ്രഹണത്താ-ലജപാലൻമാർ
തനയൻതൻ-ജനനത്തിൽ സ്തോത്രം പാടി.

അവരമിത -പ്രമദത്തിൽ -ബേതലഹേമിൽ
ഈ ജനന-പ്പെരുന്നാളിൽ-സ്തുതി പാടുന്നു.

മശിഹായാൽ -രക്ഷിതരാം- സൃഷ്ടികളെല്ലാം
തനയൻ തൻ-ജനനത്തിൽ-സ്തോടത്രം പാടി.

വ്യോമത്തീ-ന്നിറയർതൻ-വ്യൂഹം താണു
തനയൻതൻ-ജനനത്തിൽ സ്തോത്രം പാടി.

കാഴ്ചകളൊ-ത്തിടയന്മാർ- വിദ്വാന്മാരും
തനയൻതൻ-ജനനത്തിൽ- സ്തോത്രം പാടി.

വിശ്വാസിക-ളേ! സഭതൻ-സുതരേ! നിങ്ങൾ
തനയൻതൻ-ജനനത്തിൽ -സ്തോത്രം പാടിൻ.

വിസ്മയകര-ശിശുവേ! നി-ന്നവതാരത്തെ
വാഴ്ത്തിടുമി-നിവഹത്തിൽ-കൃപചെയ്യേണം.

മഹിമയെഴും-വന്ദ്യമതാം-(്രിത്വത്തിന്ന്
അനവരതം-സ്തുതി സകലം-ചേർന്നീടട്ടെ.

## (മാർ അപ്രേമിന്റെ ബോവുസൊ)

ജന്മത്താൽ വിടുതൽ തന്ന  നന്ദനനേ!! കൃപ ചെയ്നാഥാ!
ജന്മത്താൽ രക്ഷിച്ചോനാം  മിശിഹാ! കാരുണ്യം ചെയ്ക.

ആർദ്രതയാൽ ദൈവം താണു  ബാലിക തന്നുദരേ വാണു
അദ്രികളും തന്നാംഗ്യത്താൽ  ഭൂതലവും വിറകൊള്ളുന്നു.

കൽപ്പനയാലവനേയേറ്റു  മാനുഷിതൻ ബലഹീനാങ്കം.

എങ്ങനെയാണത്യാശ്ചര്യം  സ്രഷ്ടാവേ! പുൽക്കൂടേറ്റു.
എങ്ങനെയാപ്പുൽക്കൂടേറ്റു  സിംഹത്തിൻ ശിശുവിൻ ശക്തി

എങ്ങനെയാ വിശ്വചംഭരനെ  കന്്യകയാം പെൺകുഞ്ഞേന്തി.
ജന്മത്താൽ വിടുതൽ തന്ന...  ജന്മത്താൽ രക്ഷിച്ചോനാം....

## മൂന്നാം കൗമാ

## (ആനിഹ് മൊറിയൊ)

കർത്താവേ! നൽകാശ്വാസം  നിൻ സൽഭവനങ്ങൾക്കുള്ളിൽ
വാങ്ങിപ്പോയോർക്കായ്  കൃപയീ ഞങ്ങൾക്കും
അടിയാർക്കുമവർക്കും പറ്റും  കുറ്റങ്ങളെ മാറ്റീടേണം.

## (ആബോഹൈൻ വാഹൈൻ)  കർത്താവേ! നൽകാശ്വാസം

ഉത്ഥാനത്തിൻ നാളോളം- താൽക്കാലികമാമിജ്ജീവൻ
വിട്ടപിതാക്കൾക്കും ഭാതൃജനങ്ങൾക്കും
കാന്തിയെഴുന്നറകൾക്കുള്ളിൽ നൽകീടാശ്വാസം
അവരെയോർക്കുന്നാൾ കബറുള്ളസ്ഥികളറിയേണം
നിൻ കല്പന മൺമയരാമാ-
ദാമൃർക്കുയിരേകീടുമ്പോൾ
കാന്തിയണിഞ്ഞിട്ടവർ നിന്നോ- ടൊപ്പം മണവറയിൽ പുകി
ഉയിരേകും നിന്നെ സ്തോത്രം ചെയ്യേണം.
ബാറെക്മോർ -ശുബഹോ....

ആർക്കായ് കാഴ്ചകളിവിടെയണ- യ്ക്കുന്നോ ഭാഗ്യമവന്നേറ്റം

മേൽ സ്വർഗ്ഗത്തിലവന്നോർമ്മയതുണ്ടാകും

ഗോത്രപ്പേരുകളോർമ്മയ്ക്കായ് കർത്താവിൻമുമ്പിൽ

കാണ്മാൻ കല്ലുകളിൽ മോശ കൊത്തിയതോർക്കു മ്പോൾ

നിങ്ങൾ തൻ മൃതർ പേരുകളെ

ഓർക്കാനും പള്ളിയിലിവിടെ

എഴുതാനും മേൽ സ്വർഗ്ഗത്തിൽ  മശിഹാതൻ വരവിൽ തന്നോ-

ടവർ മോദിപ്പാനും ചേർപ്പിൻ പ്രിസ്തായിൽ.   മൊറിയോ....

## (മാർ ബാലായിയുടെ ബോവുസ്സോ)

കരുണ നിറഞ്ഞവനേ! -പുനരുത്ഥാനത്തിൽ

നിന്നുടെ സൃഷ്ടിയെ നീ-പുതുതാക്കീടണമേ.

നിന്നിൽ ശരണത്താൽ-നിദ്രയിലായ് നിന്റെ

വരവിനു കാത്തീടും-മൃതരിൽ കനിയണമേ.

അവരബറാഹത്തി-ന്റെയുമിസഹാക്കുടെയും

യാക്കോബിന്നുടെയും-മടിയിൽ പാർക്കണമേ.

വന്നവനും വരുവോ-നും മൃതർ തന്നുയിരും

സുതനെന്നു ശരീരാ-ത്മാക്കൾ പാടണമേ.

ഫഹാലേ....ഉഹാ....ഉഹാ.... ദൈവമേ നിനക്കു സ്തുതി...

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങ ളോടു കരുണചെയ്യണമെ. മൊറിയാ........

## 148, 149, 150 മറ്റുമുറാകൾ

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങ ളിൽ അവനെ സ്തുതിപ്പിൻ.

ആദിത്യചന്ദ്രൻമാരേ! അവനെ സ്തുതിപ്പിൻ. പ്രകാശ മുള്ള സകലനക്ഷത്രങ്ങളുമേ അവനെ സ്തുതിപ്പിൻ. ആകാ ശങ്ങളുടെ ആകാശങ്ങളും ആകാശങ്ങൾക്കു മീതെയുള്ള വെള്ളങ്ങളുമായുള്ളാവേ! അവനെ സ്തുതിപ്പിൻ. അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും എല്ലാ ആഴങ്ങളും അഗ്നിയും കഴയും തൽഗോയും ഗ്ലീദോയും, അവന്റെ വ നപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും കൊടുങ്കാറ്റുകളുമേ കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കൻമാരും സകലജാതികളും ഭൂ യിലെ പ്രഭുക്കൻമാരും സകല ന്യായാധിപതിമാരും ശി ക്കളും കന്യകമാരും വൃദ്ധൻമാരും യൗവനക്കാരുമായ ള്ളാരേ! കർത്താവിനെ സ്തുതിപ്പിൻ. ഇവർ കർത്താവി നാമത്തെ സ്തുതിക്കട്ടെ.

മറിയം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താ വിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്ന വനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമമുള്ളവനും ആയവൻ വലിയ കാര്യങ്ങളെ എങ്കൽ പ്രവർത്തിച്ചിരിക്കു ന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തല മുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി. തങ്ങളുടെ ഹൃദയവിചാരങ്ങളിൽ അഹങ്കാരികളെ ഛിന്നിപ്പിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽനിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു. ഇ

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സംപൂർണ്ണരാ ക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു. അവൻ നമ്മുടെ പിതാക്കന്മാരായ അബ്രഹാമി നോടും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും അവന്റെ കരുണയെ ഓർത്തുകൊണ്ട് അവന്റെ ദാസനായ ഇസ്രയേലിനെ സഹായിച്ചു. ആമ്മീൻ.

കർത്താവിനു ഒരു പുതിയ പാട്ടിനെയും നീതിമാൻമാ രുടെ സഭയിൽ അവന്റെ സ്തുതിയെയും പാടുവിൻ. ഇ യേൽ തന്റെ സൃഷ്ടാവിൽ സന്തോഷിക്കയും സെഹിയോന്റെ പുത്രൻമാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കയും ചെയ്യട്ടെ

നീതിമാൻമാർ ബഹുമാനത്താൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിൻമേൽ അവനെ സ്തുതിക്കയും തങ്ങ ളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതി പിൻ. രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ, നാദ മുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. തി ക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാനേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

(മാവുർബൊ-തുബൈക്ക്)

1.ഹാ! നിൻ ഭാഗ്യം ദാവീദിൻ മകൾ മറിയാമേ!
ദൈവം നിന്നിൽനിന്നു ശരീരം പുണ്ടി-
ട്ടാദാമ്്യയരെയടിമയൊഴിച്ചെല്ലാം വീണ്ടു.
2.നിബിയന്മാർ ശ്ലീഹന്മാർ സഹദേന്മാർ നയവാൻ-
മാരാചാര്യന്മാർ ലേവിയരായോരേ!
പ്രാർത്ഥിപ്പിൻ മശിഹാ കൃപ ചെയ്യാൻ ഞങ്ങ-ടെമേൽ
ബാറെക്മോർ-ശുബഹോ....മെനഓലം....

3.നിൻഗാത്രം ഭക്ഷിച്ചും നിൻരക്തം പാനം
ചെയ്തും ശരണത്താൽ മൃതരായോർക്കാശ്വാ-
സത്തോടോർമ്മയുമലിവോടുളവാക്കെൻ നാഥാ! മെനഓലം....

4. മാലാഖാ നാഥാ നിന്നുടെ മാതാതാനും
പരിശുദ്ധന്മാരുമണയ്ക്കും പ്രാർത്ഥനയാൽ
ശുശ്രൂ-ഷകൾ കൈക്കൊണ്ടരുൾ ചെയ്യേണം.

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്ര നയ എത്ര സൗന്ദര്യവുമാകുന്നു. അത് അഹറോന്റെ തലയിന്മേലും അവന്റെ അങ്കിയുടെ നെഞ്ചിൻമേൽ വീണുകിടക്കുന്ന താടിയായ അവന്റെ താടി യിൻമേലും ഒലിക്കുന്ന തൈലം പോലെയും സെഹിയോൻ മല മേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു. എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനു ഗ്രഹത്തെയും ജീവനെയും കല്പിച്ചു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ഉറങ്ങിയവരെ നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ. ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ. ആദിത്യചന്ദ്രൻമാരേ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകലനക്ഷത്രങ്ങളുമേ അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും ആകാശങ്ങൾക്കുമീതെയുള്ള വെള്ളങ്ങളുമായുള്ളാവേ! അവനെ സ്തുതിപ്പിൻ. അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ. ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും എല്ലാ ആഴങ്ങളും അഗ്നിയും കഴയും തൽഗോയും ഗ്ലീദോയും, അവന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും

കൊടുങ്കാറ്റുകളുമേ കർത്താവിനെ സ്തുതിപ്പിൻ ഭൂമിയിലെ രാജാക്കൻമാരും സകലജാതികളും ഭൂമിയിലെ പ്രഭുക്കൻമാരും സകല ന്യായാധിപതിമാരും ശിശുക്കളും കന്യകമാരും വൃദ്ധൻമാരും യൗവനക്കാരുമായുളളോരേ! കർത്താവിനെ സ്തുതിപ്പിൽ ഇവർ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ. കർത്താവിനു ഒരു പുതിയ പാട്ടിനെയും നീതിമാൻമാരുടെ സഭയിൽ അവന്റെ സ്തുതിയെയും പാടുവിൻ. ഇസ്രേൽ തന്റെ സൃഷ്ടാവിൽ സന്തോഷിക്കയും സെഹിയോന്റെ പുത്രൻമാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കയും ചെയ്യട്ടെ.

നീതിമാൻമാർ ബഹുമാനത്താൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിൻമേൽ അവനെ സ്തുതിക്കയും തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും. കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ. തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതി പിൻ, രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറൊർ. ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. തി ക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാനേ രത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

(തുടർന്ന് ദൈവമാതാവിന്റെയും പരിശുദ്ധന്മാരുടെയും മരിച്ചവരു ടെയും കുക്കിലിയോൻ)
(മാർ അപ്രേമിന്റെ ബോവുസ്സോ)

ഞങ്ങൾതൻ കർത്താവേ! നീ  കാരുണ്യം ചെയ്ഞങ്ങൾമേൽ
നിൻമാതാവും കാദീശൻ-  മാരും ചെയ്യും യാചിപ്പാൽ.

മറിയാമ്മിന്നായ് ശ്ലോമ്മൊ വ- ന്നറിയിച്ചോരാ മാലാഖാ
ദൈവം യോജിപ്പായെന്നായ്  വന്നറിവിങ്ങേകീടേണം.

പനിനിർ ഹാനനിയാദ്യർ മേൽ  വീഴ്ത്തിയൊരാ മാലാഖാ താൻ
മൃതർ തന്നസ്ഥിക്കുട്ടത്തിൽ  കൃപയാം നീർ വീഴ്ത്തീടേണം.

ഞങ്ങൾ തൻ കർത്താവേ! നീ കാരുണ്യം ചെയ് ഞങ്ങൾ മേൽ.
നിൻ മാതാവും കാദീശൻ മാരും ചെയ്യും യാചിപ്പാൻ.

പ്രദക്ഷിണം-തീജ്വാലയ്ക്ക്
(ബസുൽത്തൊ യെൽദാസ്)

ഈശനുമീ-മർത്യന്മാർക്കും  മദ്ധ്യമനാ-കും വചനേശൻ
തന്നെപ്പെറ്റാൾ കന്യകയാ-ശ്ച-ര്യം.
ജ്വാലയണി-ഞ്ഞോൻ തനുവേ-ന്തി ഞങ്ങളെ സംരക്ഷിപ്പാനായ്
മാനവരുപം പുണ്ടാനാ-ശ്ച-ര്യം
ഒമ്പതുമാ-സം ചെന്ന-പ്പോൾ ജനനീമു-്രയ്ക്കേതും കേടെന്യേ
വെളിയിൽ വന്നാനാ-ശ്ച-ര്യം
മുപ്പതുവ-ത്സരമിപ്പാ-രിൽ വാണെങ്ങൾ-ക്കായ് പാടോറ്റു
മനസ്സാമരണം പൂണ്ടാനാ-ശ്ചരയം
മൂന്നുദിനം-കബറിൽ മേ-വീ- ൂത്ഥിതനായ് സ്വർഗ്ഗാരോഹം
ഹാലേലുയ്യാ ചെയ്താനാശ്ചര്യം
ദാവീദിൻ ഗീതം-പോലെ
കാലാതീതം-താതനിൽ-നി ന്നുളവായോനാം സുതനാം മ-ശിഹാ-യെ

തിരുവുള്ള-ത്താ-ൽ ദാവി-ദിൻ നന്ദനനാ-യ് വിമലതയോ-ലും

കന്യക കാലത്തികവിൽ പ്ര-സവി-ച്ചു.
നമ്മുടെ രക്ഷയ്ക്കായ് വ-ന്നോൻ മശിഹായാം-നാഥൻ നു-നം
ഏക്രപ്രകൃതി ഏകൻ സുത -നേ-കൻ
താതന്നും-മറിയാമിന്നും ഏകസുതൻ-പൂർവ്വജന-ന്ത്യൻ
മേലൊരുനാളും ഭേദം കു-ടാ-ത്തോൻ
ഭാവവുമാ-ളും രണ്ടു-ണ്ടെ ന്നോതീടു-ന്നോൻ ശാപാ-ർഹൻ
ഹാലേലുയ്യാ നരകമവൻ-നേ-ടും ബാറെക്മോർ-ശുബഹോ....

ഭാഗ്യവതീ-എന്നൊടു ചൊൽ-ക എവ്വണ്ണമാ-ദരവോടേറ്റു
പാരും വാനും-നിറയുന്നോ-നേ-നീ
കാതതിലൂടൊളിവായേ-റി നിശ്ചലമാ-യുദരേവാ-ണാൻ
തിരുഹിതമായ് തൻബലമെന്നേ-താ-ങ്ങി.
മുട്ടിന്മ-ൽ ഞാൻ നിലകൊണ്ടു ലോകപുരാതനനെപ്പെ- റ്റേൻ
ഹാലേലുയ്യാ രക്ഷിച്ചാൻ-ലോകം. മെനഓാലം....

പ്രവചനമാം-ദൃഷ്ടാന്ത-ങ്ങൾ ഉപമകളും-സാർത്ഥകമായീ
നൃപദാവിദിൻ മകളാം മ-റി-യാ-മിൽ
പുരുഷ ബന്ധം തീണ്ടാ-തെ പൂർവ്വികനെ-കന്യകപെറ്റു
ഗരുഡേശ്വരനെ-പ്രാക്കിളിതാ-ൻ പോറ്റി.
നിജബലിയാ-ൽപാപം നീ-ക്കി പാഴ്ബലിയി-ന്നുലകിനെ വീ-ണ്ടോ
രജപോതത്തെ പെണ്ണാടും-പെ--്റു
താതനിൽ-നിന്നാഗതനായി ദാവിദിൻ-സുതയിൽ ജാ-തം
ചെയ്തുലകത്തെ രക്ഷിച്ചോൻ-ധ-ന്യൻ

## ശ്ലീഹാവായന

## എഡ്ബ്രാ 1: 1-12

## (ഏവൻഗേലിയോനു മുമ്പ്-പെത്ഗോമൊ)

ഹാലേ....ഉഹാലേ.... നാഥൻ ചൊന്നെന്നോടെൻതനയൻ
നീ-ഇന്നാൾ നിന്നെയുൽപ്പാദിപ്പിച്ചേൻ.... ഹാലേ....

## ഏവൻഗേലിയോൻ

## ലൂക്കോസ് 2: 1-20

## (തെശ്ബുഹുത്തൊ ലാലോഹൊ)

ഉളവാക! സ്തുതി ദൈവ-ത്തിനുവാനി-ൽ
ധരണിയതിൽ ശാന്തി
നല്ലൊരു ശരണം നര ലോ-കർക്ക്

## (മാനീസ്സൊ-അൽബേത്ലഹേം)

ബേതലഹേം വഴി പോകുമ്പോൾ
ഞാനൊരു പെൺമണിയെ കണ്ടു
കന്യകയവളോ സ്തന്യവതി
ഏന്തുന്നവളൊരു പൈതലിനെ
കന്യകയാണവൾ മാതാവാ-
ണിശാ കൃപവരസമ്പൂർണ്ണ
മാനസധിരത നൽകിക്കൊ-
ണ്ടോതി മഹാത്ഭുതമെന്നോടായ്
വത്സലനെത്താലോലിക്കും
ദാവീദാത്മജമറിയാമിൻ

സ്നേഹമനോഹരമാം നാദം
നുകരാം തെല്ലിട കഴിയുമ്പോൾ
സുനു രഹസ്യ പരമ്പരയാൽ
രുപികൃതയാം കന്യകയെ
കാണ്മാനേശായാ നിബിയേ!
ആഗതനാവുക സാമോദം
കാൺക കിടക്കുന്നമ്മനുവേൽ
ആപ്പെൺകൊടിയുടെ തിരുമടിയിൽ
സ്തന്യമവൻ പാനം ചെയ്യു
ന്നത്ഭുതമൊരു പൈതലിനെപ്പോൽ.
അവനേ വന്നു നിരീക്ഷിച്ചി-
ട്ടാമോദത്തൊടു വാഴ്ത്തിടുക.
നിന്നൊടു ചേർന്നാനന്ദിപ്പാൻ
ദർശകരെചെയ്കാഹ്വാനം.
അവനാഗതനായ് നിറവേറ്റി
ദർശകരുടെ ദൃഷ്ടാന്തങ്ങൾ

(യൌമൊഖ് ലോഖി)

മാനവ-വ-ൽസലനേ! പുരുഷാ-ന്തരമായ്
അണയും തേ-ദിവസം തവസ-ന്നിഭമാം
നിൻ പ്രദമം-ജനനം നാഥാ! ധന്യം
അതിനാലി-പ്പെരുന്നാ-ളനിശം-കാമ്യം.
നിൻനാൾ ഞങ്ങളിൽ നിന്നും പിൻ-വാങ്ങി
സന്ദർശി-ച്ചിടുന്നൻപാൽ-വീണ്ടും.
ഈ ദിവസം-മനുജന്നപരി-ത്യാജ്യം
ഈ ദിവസം-വരവിൽ തവ സ-ന്നിഭമാം.

നിശനീളും കോനൂൻ മാസം-തന്നിൽ
അതിരില്ലാ-പ്പകലങ്ങുദയം-ചെയ്തു.
സൃഷ്ടികൾ മാ-ഴ്കീടും മഴതൻ-നാളിൽ
ആഹ്ലാദ -പ്രദമാം പ്രഭയാ-ഗതമായ്.
ഇടയന്മാ-രല്ലാതാരാ-ണോർത്താൽ
ആട്ടിൻ കു-ട്ടികളെയാദ്യം കാണ്മോർ.
സാക്ഷാൽ കു-ഞ്ഞാടിൻ ജനിയിൽ ദൂതും
ആട്ടിടയർ-ക്കരികിൽ വിരവോ-ടെത്തി.
രാജാ-ക്കന്മാർതൻ കാലം-പാഞ്ഞു
പെരുന്നാളിൻ- സ്മൃതിയും പാടേ-മാഞ്ഞു.
പോയ്വരുമി-നരർതൻ നിരയിൽ -നാഥാ!
നിൻനാളിൽ-കോയ്മയ്ക്കുപമാ-നം നീ.
പാപികൾ മേ-ലിന്നാളൻപു-ണ്ടായി
ഞങ്ങൾ തൻ -ബഹുവാം കടവും-നീങ്ങി.
നാഥാ! നിൻ-വലുതാം ദിവസം-ഞങ്ങൾ
ലഘുവാക്കി-ടരുതേ പിഴമാ-യിക്ക.
മൌനമെഴും-ശിശുവെ മറിയാ -മേന്തി
അവനിലഹോ-ലീനം ഭാഷാ-നിവഹം.
സൃഷ്ടിയതിൻ-ബലമങ്ങവനിൽ-ഗൂഢ്മം
വാഴുമ്പോ-ളവനെ യൌസ്േപ്പേന്തി.
നിന്നുടെ വൻ-ദിനമാം വിധിയിൽ-നിന്നും
സകല ദിന-ങ്ങളുമുൽഗതിയാർജ്ജിച്ചു.
ഇപ്പെരുന്നാ-ളിയലും നിക്ഷേ-പത്താൽ
സകല പെരു-ന്നാളും ്രീയാ-ർജ്ജിച്ചു.
പാതകിയെ-ത്തേടി കൃപ വ-ന്നിന്നാൾ

നാളെല്ലാറ്റിലുമീ-നാളുൽ-കൃഷ്ടം.
ഈ ദിവസം-രക്ഷാപാനം-പേറും
മുന്തിരിതൻ-നവമാം കനിയിൻ-കുലയാം
വിത്തുവിത-ച്ചീടും കോനുൻ-മാസേ
ഉദരത്തീന്നുയിരിൻ കതിരും-വീശി.

## സ്ലീബാ ആഘോഷം

### (കിഴക്കോട്ട് തിരിഞ്ഞുകൊണ്ട് -എക്ക് ബൊ)

ബേതലഹേമിലെ ഗുഹ തന്നിൽ
ജാതം ചെയ്താൻ സകലേശൻ
തൻമാനത്തിന്നാഗതരായ്
പ്രാചിയിൽനിന്നും പ്രാജ്ഞൻമാർ
കർത്താവിനെ വിശ്വാസികളേ!
സ്തോമഭ്രസമേതം വാഴ്ത്തിടുവിൻ

### (മസ്അക്കോനുസൊ)

ബേതലഹേമിൽ ദൈവസുതൻ
ജാതം ചെയ്താനീ ദിവസം
നിബയന്മാർ മുൻചൊല്ലിയതാം
വചനം ലിഖിതം മുദ്രിതഥായ്
തിരുജനനത്തെ മാനിച്ചാ-

സ്ലീബായെക്കൂപ്പുന്നെങ്ങൾ
പ്രാർത്ഥനയോടധുനാ ഞങ്ങൾ
ഘോഷമൊടിങ്ങനെ പാടീടും. കുറിയേ....കൂറിയേ....കുറിയേ....

### (പടിഞ്ഞാറോട്ട് തിരിഞ്ഞുകൊണ്ട്-ഏക്ക്ബൊ)

സുന്ദരിയാം കന്നിയിൽനിന്നും
മ്യൂനതയെന്നിയെ തനുവേറാൻ
വാനിൽ താതൻ തൻ മടിയിൽ
ന്യുനതയെന്നിയെ നിവസിച്ചാൻ
സ്തുതിയാൽ. മേൻമേൽ നമ്മൾക്ക-
ങ്ങവനെ വാഴ്ത്തിപ്പാടീടാം.

### (മസ് അക്കോനുസൊ)

ബേതലഹേമിലെ ഗുഹതന്നിൽ
പാലക നുളവായെന്നേവം
ഈ ദിവസത്തിൽ ദുതന്മാ-
രജപാലൻമാർക്കറിവേകി.
ജാതികളെപ്പെരുന്നാൾ ഘോഷി.-
ച്ചാസ്ലീബായെക്കൂപ്പുന്നു. കുറിയേ....കുറിയേ....കുറിയേ....

### (വടക്കോട്ട് തിരിഞ്ഞുകൊണ്ട്-എക്ക്ബൊ)

ദൈവത്തിൻ മാതാവേ! നിൻ
നായകനാം കർത്താവിൽ നിൻ
ഉൾത്തടമഭിമാനം കൊൾവൂ

മാനസമാനന്ദിക്കുന്നു.
നിന്നിൽ നിന്നു ശരീരത്തെ
പുണ്ടവനാം വചനം ദൈവം
തിരുജനനത്തിനുപിമ്പിഹ നിൻ
കന്യാത്വത്തെ രക്ഷിച്ചു.

(മസ്അക്കോനുസൊ)

ഇന്നൊരു ശിശു ജാതം ചെയ്തു
വിസ്മയമെന്നതിനഭിധാനം
സ്വയമേ ദൈവം ശിശുവ്വേപ്പോൽ
വെളിവായതു വിസ്മയമല്ലൊ.
അവനേയും രക്ഷാകരമാം
കുരിശിനെയും കൂപ്പുന്നുലകം
പ്രാർത്ഥനയോടധുനാ ഞങ്ങൾ
ഘോഷമൊടിങ്ങനെ പാടിടും. കുറിയേ....കുറിയേ....കുറിയേ....

(തെക്കോട്ട് തിരിഞ്ഞുകൊണ്ട് -എക്ക്ബൊ)

ഈ ദിനമാത്മജ ജനനത്തിൽ
ഭൂവിൽ ശാന്തിയതും വാനിൽ
സ്തുതിപരനും നരലോകർക്ക്
ശരണവുമറിയിച്ചീറേൻമാർ

(മസ്അക്കോനുസൊ)

ഈശാ നാഥാ! സ്പീബാ നിൻ
ജനനീ പ്രാർത്ഥനയെന്നിവയാൽ
മായിച്ചീടുക ഞങ്ങളിൽ നി-
ന്നുൾകോപത്തിൻ പ്രഹരങ്ങൾ
ദിശയെങ്ങും നിൻ ശാന്തിയതും
ശമവും നിവസിപ്പിക്കേണം,
പ്രാർത്ഥനയോടധുനാ ഞങ്ങൾ
ഘോഷമൊടിങ്ങനെ പാടിടും കുറിയേ....കുറിയേ....കുറിയേ....

(വീണ്ടും കിഴക്കോട്ട് തിരിഞ്ഞുകൊണ്്)

പട്ടക്കാരൻ.- ദൂതന്മാർ സേ-വിപ്പോനേ!

ജനം:- ഈശാ! നീ-പരിശുദ്ധൻ

പട്ടക്കാരൻ;- ക്രോബേൻമാർ വാഴ്ത്തുന്നോനേ!

ജനം:- ശക്താ! നി-പരിശുദ്ധൻ

പട്ടക്കാരൻ:- രസാപ്പികൾ കാദീ- ശാർപ്പോനേ!

ജനം:- മൃതിഹീനാ! നീ-പരിശുദ്ധൻ.

പാപികൾ അനുതാപത്തോടൊത്തർത്ഥിച്ചോതുന്നു

ഞങ്ങൾക്കായ് ജാതം ചെയ്തോനേ! കൃപചെയ്യേണം.

(പടിഞ്ഞാറോട്ട് തിരിഞ്ഞുകൊണ്ട?)

തീമയർ ഹാലാൽ -ചൊൽവോനേ!

ഈശാ! നീ പരിശുദ്ധൻ

ആത്മീയർ ശ്ലാ-ഘിപ്പോനേ!

ശക്താ! നീ പരിശുദ്ധൻ

മണ്യരാഘോ-ഷിപ്പോനേ!

മൃതിഹീനാ-നീ പരിശുദ്ധൻ.

വിശ്വാസിനിയാം തിരുസഭതൻ-സുതരർത്ഥിക്കുന്നു

ഞങ്ങൾക്കായ് ജാതം ചെയ്തോനേ!! കൃപ ചെയ്യേണം.

## (വടക്കോട തിരിഞ്ഞുകൊണ്ട്)

മേലുള്ളോർ മാ-നിപ്പോനേ!

ഈശാ! നീ പരിശുദ്ധൻ

മദ്ധ്യമർ കീർത്തി-ക്കുന്നോനേ

ശക്താ! നീ പരിശുദ്ധൻ

കീഴുള്ളോർ കുപ്പുന്നോനേ!

മൃതിഹീനാ-നീ പരിശുദ്ധൻ.

പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു

ഞങ്ങൾക്കായ് ജാതം ചെയ്തോനേ! കൃപ ചെയ്യേണം.

## (തെക്കോട്ട് തിരിഞ്ഞുകൊണ്ട്)

നാഥാ! കൃപ ചെയ്തീടേണം
നാഥാ! കൃപ ചെയ്യുക കനിവാൽ
നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപ
ചെയ്തീടേണം.
ദേവേശാ! തേ സ്തോത്രം
സ്രഷ്ടാവേ! തേ സ്തോ്രം
പാപികളാം ദാസരിലലിയും മശിഹാരാജാവേ! സ്തോത്രം ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ... ഇത്യാദി

## പ്രഭാതപ്രാർത്ഥന

### സ്പൂസോ

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ. (മൂന്നു പ്രാവശ്യം ചൊല്ലണം)

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ ഞങ്ങളോടു കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യൂണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

പുരോഹിതൻ: ദൈവമേ സ്തുതി
പ്രതിവാക്യം: സൃഷ്ടാവേ സ്തുതി പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ. നിന്റെ രാജ്യം വരണമെ. നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരണമെ. ഞങ്ങളുടെ കടക്കാരോടെ ഞങ്ങൾ ക്ഷമിച്ചതുപോലെഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ. പിന്നെയോ തിനപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കുംതനിക്കുള്ളതാകുന്നു. ആമ്മീൻ.

പുരോഹിതൻ: കൃപ നിറഞ്ഞ മറിയമേ,
പ്രതിവാക്യം: നിനക്കു സമാധാനം. നമ്മുടെ കത്താവ് നിന്നോടു കൂടെ, നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ; നിന്റെ വയറ്റിൽഫലമായ നമ്മുടെ കത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. പരിശുദ്ധ കന്യക മത്തമറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കു വേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോട്അപേക്ഷിച്ചുകൊള്ളണമെ.
ആമ്മീൻ.

പുരോഹിതൻ: ശുബഹോലാബോ......
പ്രതിവാക്യം: ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേക്കും ചൊരിയപ്പെടുമാറാകട്ടെ.

പട്ടക്കാരൻ : ശുബഹൊ........

ജനം: ബലഹീനരും പാപികളുമായ ഞങ്ങളുമേൽ കരുണയും കൃപയും രണ്ടു ലോകങ്ങളിലും എന്നേയ്ക്കും ചൊരിയുമാറാകട്ടെ.

സ്വജാതികളേയും വിജാതികളേയും രക്ഷിക്കുവാൻ വേണ്ടി ഒരു സാധാരണക്കാരനെപ്പോലെ കന്യകയിൽ വസി ക്കുകയും പെൺകുട്ടിയിൽ യഥാർത്ഥമായി ശരീരം ധരിക്കു കയും ഒരു ദരിദ്രനെപ്പോലെ ഗുഹയിൽ ജനിക്കുകയും ചെയ്ത മഹിമയുള്ള രാജാവായ കർത്താവേ! ഇപ്പോൾ നീ അത്ഭുതകരമായി ആ കന്യകയോടുകൂടെയും നിന്റെ ജനനത്താൽ ശാന്തമായി നിന്നെ സ്പർശിച്ച ഭൂമിയോടുകൂടെയും സന്തോഷസമേതം നിനക്കു വേണ്ടി വാഞ്ചിച്ച ഇടയന്മാരോടുകൂടെയും ആനന്ദസമേതം നിന്നെ വന്ദിച്ച മ്ഗൂശേന്മാരോടുകൂടെയും മഹത്വത്തോടെ നിന്നെ സ്തുതിച്ച സ്വർഗത്തോകൂടെയും നിനക്കും നിന്റെ പിതാവിനും പരിശുദ്ധറു ഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമെ, ഹോറാ......

## (51 )ം മസുമൂറ

ദൈവമേ! നിന്റെ കൃപയിൻപ്രകാരംഎന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെപാപങ്ങളെ മായിച്ചു കളുയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

നിനക്കു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു നിന്റെ വചനത്തിൽ താൻ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ താൻ ജയിക്കുകയും ചെയ്വാനായിട്ടു തന്നെ. എന്തെന്നാൽ അന്യായ ത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. നിന്റെ ഇഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾസന്തോഷിക്കും എന്റെ പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ.വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയുമരുതേ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്ത്തത്തിൽനിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്ചയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടു കൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.
ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

ശുബഹോ...... മെനഓലം.....

## (മാലാഖൊ ദ്നുഹറൊ)

ദ്യുതി സന്തോഷമയൻ മാലാഖാ
ദർശനമിടയർക്കേകിച്ചൊ-ന്നാൻ
യീഹുദ്യായിൽ ബേതലഹേമിൽ
രക്ഷകനുളവായെന്നേവം
സന്തോഷമെഴും സ-ന്ദേ-ശം.

വാനോരീറയരിന്നിപ്പാരിൽ
ശമവും ശാന്തിയുമറിയിച്ചേ-വം
നന്ദന ജനനത്തിൻ ദിവസത്തിൽ
സ്തുതി ദൈവത്തിനു വാനത്തിൽ
മർത്യന്നുത്തമ സ-ങ്ങജേ-തം.

വന്നിടയന്മാർ ഗുഹയിൽ പൂകി
യൌസേപ്പിനെയും കുന്യകയാ-കും
മറിയാമൊടു ശിശുവിനെയും കണ്ടു
കാഴ്ചകളർപ്പിച്ചാമോദം
പിൻവാങ്ങി-പ്പോ-യി. ബാറെക്മോർ-ശുബഹോ....മെനഓാലം

ജനനത്താൽ വിൺമൺ ലോകർക്കായ്
ശാന്തികൊടുത്തൊരു പൈതൽ തന്നെ
സ്വർഗ്ഗീയഗണം കാഹളമൂതി
സ്തുതിപാടി സ്തോത്രം ചെയ്തു
അവനും പ്രേക്ഷകനും-സ്തു-ത്യൻ. കുറിയേ....

## 63- മസുമൂറ

എന്റെ ദൈവമേ! നീ എന്റെ ദൈവമാവുന്നു. ഞാൻ നിനക്കായി കാത്തിരിക്കും. ദാഹിച്ച് വരണ്ട് വെള്ളത്തിന്നായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിനക്കായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായി ഞാൻ നിന്നെ നോക്കി. എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം നിന്നെ പുകഴ്ത്തുകയും നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് മഹത്വമുള്ള അധരങ്ങൾ കൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ ശയ്യമേൽ ഞാൻ നിന്നെ ഒാർത്തു; രാത്രികളിൽ ഞാൻ നിന്നെ ധ്യാനിക്കയും ചെയ്തു. എന്തെന്നാൽ നീ എനിക്കു സഹായകനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും

എന്റെ ആത്മാവ് നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവ് നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴത്തിലേക്കു പ്രവേശിക്കും. അവർ വാളിനു ഏൽപ്പിക്കപ്പെടും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും;

രാജാവു ദൈവത്തിൽ സന്തോഷിക്കും. അവനെക്കൊണ്ട് സത്യം ചെയ്യുന്ന ഏവനും പുകഴ്ചയുണ്ടാകും.

എന്തെന്നാൽ അസത്യവാദികളുടെ വായ് അടയ്ക്കപ്പെടും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

(ബ്സുൽത്തൊ യെൽദാസ്)

വിസ്മയ മയനാ-യ് സൃഷ്ടികളിൽ
വിക്രമിയെക്ക-ന്യക പെറ്റു
ഇടയന്മാരും ജ്ഞാനികളും
കാഴ്ചകളവനായർ-പ്പി-ച്ചു.

അരചൻ മശിഹാ ബേതലഹേം
ഗുഹയിൽ സംജാ-തം ചെയ്തു.
ദൂതരുമാട്ടിടയന്മാരും
വിജ്ഞരുമർപ്പിപ്പാ-നെ-ത്തി.

ആമോസ് തനയൻ-തേജസ്വി
ഏശായ മുൻ-ചൊന്നതുപോൽ
ലോകപരാക്രമിയീദിവസം
ശിശുവായ് സംജാതം-ചെ-യ്തു. ബാറെക്മോർ-ശുബഹോ....മെനഓാലം....

കൂറാലടിയാർ-തൻ-ചാര-
ത്തവരോഹം ചെയ്തോൻ നാഥാ!
ഞങ്ങളെയൻപാൽ സന്ദർശി-
ച്ചേകണമാത്മീയം-സൌഈ-ഖ്യം.

മസുമൂറ 19 (വിശുദ്ധ ഗ്രന്ഥം)

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വം അറിയിക്കുന്നു; ആകാശവിതാനം തന്റെ കൈപ്പണിയെ കാണിക്കുന്നു.

പകൽ പകലിന്നു വാക്കിനെ ഉച്ചരിക്കുന്നു. രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു. അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂതലത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു; സൂര്യന്നായിട്ട് അവയുടെ മേൽ തന്റെ കൂടാരമടിച്ചു.

അതു തന്റെ മണവറയിൽ നിന്നു പുറപ്പെടുന്ന മണവാളൻ എന്ന പോലെ ആകുന്നു. ശക്തൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ ഒരറ്റത്തു നിന്നു അതിന്റെ ഉദയവും ആകാശത്തിന്റെ അറുതിയിൽ അതിന്റെ അസ്തമനവും ആകുന്നു. അതിന്റെ ആവിയിൽനിന്നു മറവായിരിക്കുന്നത് ഒന്നുമില്ല.

കർത്താവിന്റെ വേദപ്രമാണം കറയറ്റതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു. കർത്താവിന്റെ സാക്ഷ്യം വിശ്വാസയോഗ്യവും ശിശുക്കളെ വിജ്ഞാനികളാക്കുന്നതുമാകുന്നു.

കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയും ആകുന്നു. കർത്താവിന്റെ കല്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭക്തി നിർമലവും എന്നേക്കും നിലനില്ക്കുന്നതും ആകുന്നു; കർത്താവിന്റെ ന്യായവിധികൾ സത്യമായുള്ളവയും സകലത്തിലും നീതിയുള്ളവയും ആകുന്നു.

അവ തങ്കത്തേക്കാളും നല്ല രത്നങ്ങളെക്കാളും ആഗ്രഹിക്കത്തക്കവയും തേനിനേക്കാളും തേൻകട്ടയെക്കാളും മാധുര്യമുള്ളവയുമാകുന്നു;

അത്രയുമല്ല: നിന്റെ ദാസനു അവയാൽ പ്രബോധനം ലഭിക്കും; അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും;

പിഴകളെ തിരിച്ചറിയുവുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കണമേ!

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്ന് ഞാൻ ഒഴിഞ്ഞിരിപ്പാനും വേണ്ടി അന്യായത്തിൽ നിന്നു നിന്റെ ദാസനെ തടുക്കണമേ.

എന്റെ സഹായകനും, എന്റെ രക്ഷകനുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ തിരുവിഷ്ടപ്രകാരവും എന്റെ ഹൃദയത്തിലെ ധ്യാനം തിരുമുമ്പാകെയും ഇരിക്കണമേ!

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## (ബ്സ്പ്രൊ മ്ഗുശെ)

1.ഗഹ്വരഭവനാം-മന്നവനെ പാ-രസികന്മാർ വിദ്വാൻമാർ
ഉപഹാരങ്ങളൊടുദയത്തിൽ
നിജനിധി സഹിതം വന്ദിച്ചു.
ദേവേശാ!-നാഥാ നീ-ധ-ന്യൻ.
2. ഹന്തമഹാർക്കൻ-പരിമിതനായ് മി-ന്നും മുകിലിൽ വാണ-രുളി
ആദ്യാദാമ്മിൻ ജനകന്ന്
ബാലിക മാതാവായ് തീർന്നു, ദേവേശാ...
3. എങ്ങനെ മകനെ! -ഞാൻ നിന്നെ പ്പ-രിലാളിക്കും മാനിക്കും
എന്നിൽ മുതിർന്നോനെൻ തനയൻ
ഞാനേറ്റോനെന്നെയേറ്റു, ദേവേശാ...
4. വാനിൽ നിന്നേ-യിറയരും ഗു-ഹയതിലജപാലന്മാ-രും
സഭയിൽ തിരുജനനത്താൽ വാ.-
ഴ്വേറ്റൊരു പരരും പൂജിപ്പു, ദേവേശാ... ബാറെക്മോർ-ശുബഹോ..
5. ആദിമുതൽ താതാങ്കത്തിൽ ചേർന്നു രഹസ്യം നിവസിച്ചോൻ
മറിയാമിൻ വിമലാങ്കത്തിൽ
ഇന്നു പരസ്യം ശോഭിച്ചു, ദേവേശാ...

## കർത്താവിന് ഒരു പുതിയ പാട്ടിനെയും...
## (ഹവുദശ്മായോ)

1.പരിപുർണ്ണം വാനിടമാരാൽ
സ്തുതിപാടുന്നാർക്കായ് വാനോർ
അവനുളവായ് കാലിക്കൂട്ടിൽ
ഉലകവനേ വന്ദിക്കുന്നു.
2. ആത്മജയാമംഗനയാലേ
ആദാമിന്നൊരു കടമേറി
രക്ഷകനെപ്പെറ്റോൾ മറിയം
ഇന്നാളക്കടവും നീക്കി.
3.യുദായിൽ മറവിലമർന്ന
മന്നനെ മോഷ്ടിച്ചാൾ താമാർ

അവൾ മോഹിച്ചൊരു ലാവണ്യം
വിജയ്ശ്രിയിന്നാർജ്ജിച്ചു. ബാറെക്മോർ-ശുബഹോ....മെനഓാലം....
4.ത്വരിതം പാഞ്ഞുദയം ചെയ്തി
ട്ടൊളിയിരുളിൽ പാർക്കുന്നോരെ
മോദിപ്പാനാഹ്വാനം ചെ-
യ്തിക്ഷിതിപൂകിയ തേജസ്സിൽ.

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യൻമാരേ! സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ. കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്ത പ്പെട്ടതായിരിക്കട്ടെ. സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു. യ ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോടു സദൃശൻ ആകാശ ത്തിലും ഭൂമിയിലും ആരുള്ളു?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കൻമാരോടു കൂടെ ഇരുത്തേണ്ടതിനു കുപ്പയിൽനിന്നു ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

(യഈമ്മോനൊ സൊഫ് വനഫെസ്)

1.ഇന്നീറേ ദുതഗണം വാനീന്നെത്തി  തൻജനനം കാണ്മാൻ
മേളിച്ചു-ബേതലഹേം ഗുഹയിൽ
നരസുര സംസ്തുതി ഗീതങ്ങൾ
ഭൂജാ-തികളെ! -അവനെ സതതം വാഴ്ത്തിൻ.
2.മറിയാം തന്നാത്മജനാം ജീവാത്മജനെ വച്ചാൾ പുൽക്കൂട്ടിൽ
കരയുന്നൂ-ശിശുവിനു തുല്യമവൻ
സുരവരസഞ്ചയമഞ്ചുന്നു, ഭൂജാതികളേ....
3.വാനിന്നാദ്യജനെത്തിഗ്ലാധ്രം പൂണ്ടാൻ ദാവിദാത്മജയിൽ
ഇടയന്മാർ-കാഹളരവമേറ്റി
ദൂതസമൂഹം കുമ്പിട്ടു, ഭൂജാതികളെ.... ബാറെക്മോർ-ശുബഹോ....മെനഓാലം....
4.ആർദ്രതയാൽഹിതമായ് പാഴ്-ത്തുണിചുറ്റിപ്പുൽ തൊട്ടിയിൽ നിക്ഷിപ്താ!
ഉടയോനേ!-കൃപയാലിപ്പോൾ നി- ന്നാംഗ്യത്താൽ പിഴപോക്കണമേ, ഭൂജാതി....

കുറിയേലായിസ്സോൻ

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു.
ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു ആശ്വാസം ലഭിക്കും.
സൌമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും.
നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്കു തൃപ്തിവരും.
കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്കു കരുണ ലഭിക്കും.
ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.
സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും.
നീതിനിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതു.
എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും നിങ്ങളെക്കൊണ്ടു എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.
സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ; നിങ്ങൾക്കു മുമ്പെയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലോ.

(കൌക്ക്ബോ ബാദെക്)

1.താരകപോറസിലെ-വിജ്ഞരെയറിയിച്ചു
കാഴ്ചകളവരേന്തി-തിരുമഹിമയ്ക്കരുളീ
കുന്തിരുവും പൊന്നും മുരും.

2.ഉടയോനേ! നിന്നെ-രാജജ്യോത്സ്യന്മാർ
ഗർഫിതബേതലഹേം-ഗുഹയിൽ പ്രണമിച്ചു
നിൻപ്രേക്ഷകനായി സ്തോത്രം,

3.ഗഗനത്തിൽ ശാന്തി-ക്ഷിതിതന്നിൽ ശാന്തി
പ്രീതിയടഞ്ഞുടയോൻ-ജനനാർത്ഥം വന്നാൽ
ആദമിനെപ്പരിരക്ഷിപ്പാൻ. ബാറെക്മോർ

**ശുബഹൊവീക്കോറൊഉസെഗ്ത്തൊഉറാബുസ്യോ യുസൊനെസ്ത്തുവെദ്നാസെക്ക് ലാബോ ഉലബറൊവൽറൂഹോക്കാദിശൊ, മെനഓലം....**

4. ആദത്തിനുമെല്ലാ-ലോകത്തിനുമായി
ശാന്തിമഹാമോദം-സൽഗതിയിവയേന്തി
സംരക്ഷകവത്സൻ വന്നു. സ്തനമെൻകാലോസ്....

## പ്രുമിയോൻ

നിത്യതയിൽ അദൃശ്യനായി തന്റെ പിതാവിന്റെമടി യിൽ സ്ഥിതിചെയ്യുന്നവനും തന്റെയും പിതാവിന്റെയും ജീവള്ള വിശുദ്ധറൂഹായുടേയും തിരുവിഷ്ടപ്രകാരം ഉദയം ചെയ്ത് പ്രത്യക്ഷപ്പെടുവാൻ കൃപാപുരസ്സരം തിരുവുള്ളമു ണ്ടായവനും ആയ അദൃശ്യശിശുവും; ലോകങ്ങളേക്കാൾ ഉന്നതനും സൃഷ്ടിയേക്കാൾ വലിയവനുമായിരിക്കെ തന്റെ സൃഷ്ടിയുടെ അടുക്കലേക്കു വന്നവനും, തന്റെ ജനനിയുടെ മഹിതമായ മടിയിൽ കാണപ്പെട്ട അശരീരിയും ആത്മീയനും ലോകങ്ങൾക്കു അദൃശ്യനായിരിക്കെ മനുഷ്യസ്നേഹത്തോടെ ജനനത്തിനായി വന്നവനും, തന്റെ ജനനിയുടെ മഹിതമായ മടിയിൽ കാണപ്പെട്ട അശരീരിയും ആത്മീയനും ലോകങ്ങൾക്ക് അദൃശ്യനായിരിക്കെ മനുഷ്യസ്നേഹത്തോടെ ജന നത്തിനായി വന്നവനും തന്റെ പൂർണ്ണതയാൽ സകലത്തെയും (ഐശ്വര്യം സമ്പന്നമാക്കിയ പരിപൂർണ്ണനും ആയ കർത്താവിനു സ്തുതി. തനിക്കു പ്രഭാതപ്രാർത്ഥനയുടെ ഈ സമയത്ത

പുണ്യമാക്കുന്നവനും വെടിപ്പാക്കുന്നവനും....... ഇത്യാദി

## (സെദറാ)

ദൈവത്തേപ്പോലെ നിത്യനായി ആരംഭമില്ലാത്തവനായിരിക്കെ ആരംഭമുള്ളവനായ മനുഷ്യനെപ്പോലെ അവസാനം കന്യകപ്രസവിച്ച ആദ്യന്തമില്ലാത്ത ശിശുവേ ! നിനക്കു നിനക്കു സ്തോത്രം, പ്രകാശങ്ങളുടെ നാഥൻ സൂര്യനെപ്പോലെ യോഗ്യനായി ഉദരത്തിൽ നിന്നുദിച്ച് തന്റെ ശ്രേഷ്ഠമായ ഉദയാത്തൽ സർവ്വസൃഷ്ടികളേയും പൂർണ്ണമായി പ്രകാശിപ്പിച്ചു. ശിശുക്കളെ വളർത്തുന്നവൻ തിരുവിഷ്ടത്തോടെ ഉദരത്തിനുള്ളിൽ ശിശുവായി തീർന്നു. ലോകൾക്കും സൃഷ്ടികൾക്കും മുമ്പേയുള്ളവനും ദാവീദിനെ സൃഷ്ടിച്ചവനുമായവന്റെ കാലപൂർണ്ണതയിൽ ദാവീദുപുതിയിൽ നിന്ന് പുതുതായി ജനിച്ചു. തലമുറകളെക്കാളും വംശങ്ങളെക്കാളും പൂർവ്വികൻ കാലാവസാനത്തിൽ ചെറിയ ശിശുവിനേപ്പോലെ കാണപ്പെട്ടു. ഭൂമിയിലേയ്ക്കു മഴയും മഞ്ഞും അയക്കുന്നവൻ മനുഷ്യനെപ്പോലെ മനുഷ്യപുത്രിയുടെ മുലകളിൽ നിന്നു പാലുകുടിച്ചു. തന്റെ ശക്തിയാൽ പർവ്വതങ്ങളെ സൃഷ്ടിക്കുന്നവൻ ദരിദ്രനെപ്പോലെ ഗുഹയിൽ കിടന്നു. തന്റെ ബലത്താൽ

ആകാശമമണ്ഡലത്തെ വഹിച്ചിരിക്കുന്നവനെ പെൺകുട്ടി അവളുടെ കൈകളിൽ ലഘുവായി വഹിച്ചു. ശ്രേഷ്ഠമായ പ്രകാശത്തിൽ ആവാസം ചെയ്തിരിക്കുന്നവൻ എളിയവനെപ്പോലെ പഴന്തുണികളാൽ ആവരണം ചെയ്യപ്പെട്ടു. തന്റെ ശക്തിയാൽ ക്രൂബേന്മാരുടെമേൽ ആരൂഢനായിരിക്കുന്ന വൻ മറിയാമിന്റെ ഭുജങ്ങളാൽ ശാന്തനായി ആഘോഷിക്കപ്പെട്ടു. തനിക്ക് കാദീശ് പാടുവാനായി സ്രോപ്പേന്മാരെ ആവേശം കൊള്ളിക്കുന്നവൻ ദാവീദു പുത്രിയാൽ ആനന്ദപൂർവ്വം താലോലിക്കപ്പെട്ടു. തന്റെ ആംഗ്യത്താൽ സൃഷ്ടികളെ പായിക്കുന്നവൻ ബേത് ലഹേമിൽ ശിശുവിനെപ്പോലെ ശാന്തമായി നീന്തി നടന്നു. ആകയാൽ

ഞങ്ങളുടെ രക്ഷയെപ്രതി നീ പ്രവർത്തിച്ച അത്ഭുതത്തെ വിസ്മയപൂർവ്വം പരിശോധിക്കുകയും ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ വ്യാപാരത്തെ അതിശയപൂർവ്വം നിരീക്ഷിക്കുകയും ചെയ്തുകൊണ്ട് അത്ഭുതഭരിതരായി ഞങ്ങളെല്ലാവരും കൂടി ഒരുമിച്ചു പറയുന്നു: ദൈവസ്വഭാവത്തിൽ നിന്ന് വ്യത്യാസം വരാതെ നീ മനുഷ്യനായിത്തീർന്നതിനാൽ ദൈവമേ! നീ അത്ഭുതമാകുന്നു.. ആകാശവും ഭൂമിയും നിന്നാൽ പൂർണ്ണമായി നിറഞ്ഞിരിക്കെ ഗുഹയിൽ കിടന്നതിനാൽ നീ അത്ഭുതമാകുന്നു. നീ ഭയങ്കരമായ നിലയിൽ അതിർത്തിയില്ലാത്തവനായിരിക്കെ കന്യകയുടെ മടിയിൽ സംക്ഷേപിക്കപ്പെട്ടതിനാൽ നീ അത്ഭുതവും നിന്റെ നിത്യത അതിർത്തിയില്ലാത്തതുമാകുന്നു. ശ്രേഷ്ഠമായി അദൃശ്യനും അവർണ്യനുമായ ദൈവമായിരിക്കേ മനുഷ്യനായിതീർന്നതിനാൽ നീ അത്ഭുതമാകുന്നു. മാലാഖമാരേയും ഇടയന്മാരേയും മന്മാരെയും ആകർഷിക്കുകയും അവർ ഉചിതമായി നിന്റെ ബഹുമാന്യതയെ ആരാധിക്കുവാൻ വരികയും ചെയ്ത തിനാൽ നീ അത്ഭുതമാകുന്നു, നിന്റെ ജന്മദിനത്തിൽ സ്വർഗ്ഗീയരേയും ഭൗമീകരേയും സന്തോഷിപ്പിക്കുകയും മദ്ധ്യത്തിൽ സ്ഥിതിചെയ്തിരുന്ന വേലി ശക്തിയോടെ പൊളിച്ച് കളയുകയും ചെയ്തതിനാൽ നീ അത്ഭുതമാകുന്നു.

നിന്റെ ആംഗ്യം എല്ലാഭാഗങ്ങളേയും അതിർത്തികളയും വഹിച്ചിരിക്കെ പെൺകുട്ടി നിന്നെ വഹിച്ചതിനാൽ നീ അത്ഭുതമാകുന്നു, ലോകങ്ങളെ ഉത്സാഹപൂർവ്വം പോറ്റുന്നവനായിരിക്കെ സ്തനങ്ങളിൽ നിന്ന് പാലുകുടിച്ചതിനാൽ നീ അത്ഭുതമാകുന്നു. നിന്റെ ജനനദിവസത്തിൽ മേലുള്ളവരേയും താഴെയുള്ളവരേയും നീ സംയോജിപ്പിക്കുകയും അവരൊന്നാകെ നിന്റെ ശ്രേഷ്ഠതയ്ക്കു സ്തുതിപാഠകരായി ഭവിക്കുകയും ചെയ്തതിനാൽ നീ അത്ഭുതമാകുന്നു. ഉയരത്തിൽ അഗ്നിരഥം നിന്റെ ബഹുമാന്യതയെ വഹിക്കുകയും നിന്റെ ആംഗ്യം കർത്തവ്യത്തോടെ സൃഷ്ടികളെ വഹിക്കുകയും ചെയ്യുകന്യക നിന്നെ വഹിച്ചതിനാൽ നീ അത്ഭുതമാകുന്നു. അഗ്നിമയന്മാർ നിന്റെ തേജസ്സിൽ ചുളിങ്ങിപ്പോകവെ മന്മാരും ഇടയന്മാരും മനുഷ്യനെപ്പോലെ നിന്നെ സ്പഷ്ടമായി കണ്ടതിനാൽ നീ അത്ഭുതമാകുന്നു. നിന്റെ ജന്മദിനത്തിൽ ആദാമ്യ വർഗ്ഗത്തിനു വിവിധനിലകളിൽ നല്ല പ്രത്യാശയുണ്ടായതിനാൽ നീ അത്ഭുതമാകുന്നു.

ദൈവത്തെപ്പോലെ സ്ഫടിക സിംഹാസനത്തിന്മേൽ ആഘോഷിക്കപ്പെടുന്നവനായിരിക്കെ ശിശുവിനേപ്പോലെ സ്നേഹപൂർവ്വം കാൽമുട്ടുകളിൽ വളർത്തപ്പെട്ടതിനാൽ നീ അത്ഭുതമാകുന്നു. അഹങ്കാരികളായ പിശാചുക്കളുടെ അടിമത്വത്തിൽ നിന്ന് നിന്റെ പ്രതിരൂപത്തെ നിന്റെ ജനനം മൂലം രക്ഷിച്ചതിനാൽ നീ അത്ഭുതമാകുന്നു. തിരുവിഷ്ടപ്രകാരമുള്ള നിന്റെ മനുഷ്യാവതാരത്തിന്റെ ദിവസത്തിൽ സൃഷ്ടിയിൽ നിന്റെ പ്രകാശം ഉദിപ്പിക്കുകയും സകല ദിക്കുകളിൽ നിന്നും അന്ധകാരത്തെ ദുരീക്കുകയും ചെയ്തതിനാൽ നീ അത്ഭുതമാകുന്നു. വിശദ്ധമായ നിന്റെ ജനനദിവസത്തിൽ ദൂരസ്ഥരെ നീ വിളിക്കകയും അവർ സമീപസ്ഥരോടുകൂടി സമ്മേളിക്കുവാൻ ഇടയാവുകയും ചെയ്തതിനാൽ നീ അത്ഭുതമാകുന്നു. നിന്റെ ജഡാരണത്താൽ

പിതാവിനെ സൃഷ്ടികളുമായി രമ്യപ്പെടുത്തുകയും ഭൂതലത്തിൽ ധാരാളമായി നിരപ്പും സമാധാനവും വിതയ്ക്കുകയും ചെയ്തതിനാൽ നീ അത്ഭുതമാകുന്നു.. നിന്റെ ജനനദിവസത്തിൽ സ്വർഗ്ഗീയന്മാർ കാഹളമൂതി ദാവീദിന്റെ പട്ടണത്തിൽ മിശിഹാകർത്താവെന്ന രക്ഷകൻ ഇന്ന് നിങ്ങൾക്കുവേണ്ടി സത്യമായി ജനിച്ചിരിക്കുന്നു എന്ന് ഇടയന്മാരോട് പ്രസംഗിച്ചതിനാൽ നീ അത്ഭുതമാകുന്നു. നിന്റെ ജനനത്തിൽ അഗ്നിമയന്മാർ നിനക്കു സ്തുതിയും ഭൂമിക്കു സമാധാനവും മനുഷ്യർക്കു നല്ല ശരണവും വിസ്മയനീയമായി കാഹളമൂതിയറിയിച്ചതിനാൽ നീ അത്ഭുതമാകുന്നു. ഞങ്ങളുടെ രക്ഷക്കുവേണ്ടിയുള്ള നിന്റെ മനുഷ്യാവതാര വൃത്താന്തം തികച്ചും അവർണ്ണനീയവുമാകുന്നു. ആകയാൽ വിസ്മയനീയ ശിശുവേ! കന്യക മറിയാമ്മിൽനിന്നുള്ള നിന്റെ വിശുദ്ധവും മഹനീയവുമായ ഈ ജനന ദിവസത്തിൽ തിരുസന്നിധിയിൽ ഞങ്ങൾ അർപ്പിക്കുന്ന ഈ സുഗന്ധധൂപം മൂലംഞങ്ങൾ പ്രാർത്ഥിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു.

ഞങ്ങൾക്കു വേണ്ടിയുള്ള നിന്റ അതിശയകരമായ ജഡധണത്തെക്കുറിച്ച് യഥാർത്ഥമായ ജ്ഞാനവും ഞങ്ങളുടെ പ്രതി താല്പര്യത്തോടുകൂടിയുള്ള നിന്റെ മനുഷ്യാവതാര ത്തെക്കുറിച്ച് സത്യമായ വിശ്വാസവും ഞങ്ങൾക്കു നൽകണമേ. ഞങ്ങൾക്കെല്ലാവർക്കും പൂർണ്ണമായി കടങ്ങളുടെ മോചനവും പാപപരിഹാരവും ഞങ്ങളുടെ ആത്മശരീരങ്ങളുടെ ദുഃഖകാരണങ്ങളിൽ നിന്ന് പൂർണ്ണമായ വിടുതലും നൽകണമേ കർത്താവെ! നീ പാപികളെ നിർമ്മലീകരിച്ച് പാപപരിഹാരം നൽകുന്നവനും അനുതാപികളെ പൂർണ്ണമായി വിശുദ്ധീകരി ക്കുന്നവനും സഭയുടെ സർവ്വ പ്രജകൾക്കും നിത്യസഹായിയും തുണയും ആയിരിക്കേണമെ. നിന്റെ ശരണത്തിൽ പ്രത്യാശയോടുകൂടി മുൻകൂട്ടി നിദ്രപ്രാപിച്ച വിശ്വാസികളായ ഞങ്ങളുടെ പിതാക്കന്മാർക്കും സഹോദരന്മാർക്കും ഗുരുക്കന്മാർക്കും സകലപരേതർക്കും നല്ല ഓർമ്മ നൽകണമേ, ഞങ്ങ ളേയും അവരേയും നിന്റെ വലതുഭാഗത്തു സന്തോഷപൂർവ്വം നിൽക്കുന്നതിനും നിന്റെ രാജ്യത്തിലെ വിവിധാനന്ദങ്ങൾ അനുഭവിക്കുന്നതിനും യോഗ്യരാക്കിത്തീർക്കണമേ, ഞങ്ങളും അവരും ഒരുമിച്ച് നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണം. ഹോ.

(ബ്ഹോനൊ യനമോ സബ്റരോസൊ)

സുവിശേഷത്തിൻ ദിവസമതിൽ
സന്തോഷത്തിൻ ദിവസമതിൽ
രക്ഷകനെ മറിയാ പെറ്റാളെ-ന്നേ-വം.
താരകയോതിയഭിജ്ഞൻമാർ വന്നു വന്ദി-പ്പാൻ
ദൂതരുമജപാലൻമാരും വന്ദനമർ-പ്പി-ച്ചു
സ്രോപ്പേൻമാർ കാദിശാർത്തു,
ക്രൂബേൻമാർ വാഴ്ത്തിപ്പാടി
കിറത്തുണിയിലാവ്യതനാം പടുവ്യദ്ധനുമറിയാം സ്തന്യം.
ഏകുന്നു യാസേപ്പോതുന്നു സ്തോപ്രതം. ബാറെക്മോർ-ശുബഹോ.... മെനദാലം....

വത്സലരേ! മഹദാശ്ചര്യം വചനം ദൈവം മറിയാമി-
ന്നുദരത്തിൽ മേവിത്തനുവെങ്ങനെ-പു-ണ്ടാൻ
ശ്രുതിവഴിയാത്മാവായ് പുക്കാൻ വാതിൽ തു-റ-ക്കാതെ
ഉദരത്തിൽ സൃഷ്ടിച്ചൊരു തൻമെയ്യൊടു വെളി-വാ-യാൻ
അവളിൽ ഹിതമാർന്നുളവായാൻ
കന്യാമുദ്രയ്ക്കഴിവെന്യേ
ഈയുൽപ്പാദനമാശ്ചര്യം! ഈജന്മവുമത്യാശ്ചര്യം!
നരവടിവാർന്നെങ്ങളെ രക്ഷിച്ചോൻ ധ-ന്യൻ മെനമഌോലം....

ആദാമ്യർക്കുത്ഥാനത്തിൻ വാക്കരുളിയ മശിഹാനാഥൻ

വിശ്വാസികളൊടു തൻദൂതിൽ ചൊ-ന്നേ-വം
എൻമെമയ് ഭക്ഷിച്ചെൻരക്തം പാനം ചെ-യ്യോ-നിൽ
ഞാൻ വാണിട മവനെന്നുള്ളിൽ വാണിടുമെ-ന്നേക്കും
നാഥാ! നീ മഹിമാവൊടു നിൻ
ദുതന്മാരൊത്തണയുമ്പോൾ
നിൻ ശരണത്തിൽ നിദ്രിതരാം ദാസർക്കൻപോടുയിരേകി
സന്തോഷം നിറയും പന്തിയിലേറ്റേ-ണം.

## ഏത്രോ

കന്യകമറിയാമെന്ന വരണ്ട ഭൂമിയിൽ നിന്ന് വിതയോ നനയ്ക്കലോ കൂടാതെ കിളിർത്തുവന്ന അനുഗ്രഹീതഫലവും തലമുറകളുടെ സഹായത്തിനായി ബേത്ലഹേം ഓപ്പർത്തായിൽ മൃഗങ്ങളുടെ പുൽത്തൊട്ടിയിൽ കിടന്നവനും ആത്മായമായ തന്റെ പരിമളത്താൽ ദൂരസ്ഥരേയും സമീപസ്ഥരേയും സകല ഭാഗങ്ങളേയും ആനന്ദിപ്പിച്ചവനും ആയ കർത്താവേ! ഇപ്പോൾ ഞങ്ങളുടെ ആത്മാക്കളാകുന്ന ആന്തരീയബേതലേഹേമിൽ നീ നിന്നെത്തന്നെ സ്ഥാപിക്കണമേ. ഞങ്ങളുടെ ഹൃദയങ്ങളാകുന്ന ദൈവാലയങ്ങളിലെ ആന്തരീയധൂപങ്ങളാൽ തിരുമേനി ധൂപിക്കപ്പെടുമാറാകണമെ. നിന്റെ സ്നേഹമാകുന്ന പരിമളവാസനയാൽ ഞങ്ങളുടെ സകല അന്തരിന്ദ്രിയങ്ങളേയും ആനന്ദിപ്പിക്കണമെ. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നെയും നിന്റെ പിതാവിനേയും പരിശുദ്ധ റൂഹായേയും സന്തോഷത്തോടുകൂടെ സ്തുതിക്കുകയും ആഹ്ളാദത്തോടെ നിനക്കു പെരുന്നാൾ ആചരിക്കുകയും പുകഴ്ചകളോടുകൂടെ നിനക്കു ആഘോഷം ചെയ്യുമാറാകണമെ. ഹോ........

## (നെഫഹെസ് മാലാഖെ)

വാനീന്നും മാലാഖന്മാർ വന്നറിയിച്ചു
ഭൂപതി ജാതം ചെയ്തെന്നിടയരെ ബേതലഹേമിൽ
ആ നിർമ്മലരാടുകളെ കൊണ്ടിഹ വന്നു
രക്ഷയ്ക്കെത്തിയ ദൈവത്തിൻ കുഞ്ഞാടിൻ-പേർക്കായ്

സ്തുതി മെയ്യോടവർ കണ്ടതുമുലം
സ്തുതി മനുജൻ-തൻജനിയാർന്നോനേ!
സ്തുതിജന്മത്താലപഥത്തീന്നും ര-ക്ഷിച്ചോനേ! ബാറെക്മോർ.

നിബിയൻമാരീശോദേവാ വിമലാത്മാവാൽ
നിൻമർമ്മങ്ങളെ മുൻചൊന്നാഗമനം-ഘോഷിച്ചു
ഏശായാ നിൻഗർഭത്തെപ്പിറവിയെ ദാവീ-
ദുദയത്തെ സ്ക്കറിയാ മീഖാ നിൻപ്രാ-ബല്യത്തെ
ഹസ്ക്കീയേൽ-നിൻ തേരിൻ പ്രദയെ
ദാനീയേൽ-മാന്യാസനമതിനെ
ജനനത്തിനു വന്നിക്ഷിതിയെ രക്ഷിച്ചോൻ ധന്യൻ മെനഓാലം....

പാവനതനു ഭക്ഷിച്ചോരായ് ജീവനരക്തം
പാനം ചെയ്ത പരേതജനങ്ങൾ തൻ-ദേഹിയിലും
ആത്മത്തിലുമക്ഷയലോകത്താപ്പാപത്തിൻ
ഇരുൾ വാഴായ്വാൻ മശിഹായൊടു നാമർത്ഥിക്കേണം
അവരുടെയാ-ത്മാക്കളെയേറ്റോനേ!
നാഥാ! നിൻ-പിഡയെ സാക്ഷിച്ചാർ
ആഹ്വാനം ചെയ്തങ്ങവരെവലമാ-യ് നിർത്തണമേ.

(ഏവൻഗേലിയോനു മുമ്പുള്ള പെത്ഗോമൊ)

ഹാലേ....ഉഹാലേ....നാഥൻ ചൊന്നൊന്നോടെൻ തനയൻ
നി-ഇന്നാൾ നിന്നെയുൽപ്പാദിപ്പിച്ചേൻ....ഹാലേ....

ഏവൻഗേലിയോൻ
(ലൂക്കോസ് 2:15-20)
(കുക്കിലിയോൻന്?)

നിന്നാൾ സ്തുതിയൊടു രാജമകൾ....

നയവാൻ പനപോലെ...

മക്കളിലപ്പൻ കൃപചെയ്യതുപോലെ....

സ്തുതിദൈവത്തിനുയരത്തിൽ....

താതൻ ശ്ലോമോ ഗ്രബിയേൽ....

ശ്ലോമോ തൻ നിബിയൻമാർക്കും....

നാം ദൈവസുതൻമാരാവാ.... മൊറിയൊ....

(മാർ യാക്കോബിന്റെ ബോവുസ്സൊ)

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയന്മാർ ബേതലേഹമിൽ പാടിയപോലെ

ഇന്നാൾ വംശത്തലയാമാദാം മോദിക്കട്ടെ
നിൻ ജന്മത്താൽ ദൈവത്വം യാചനപോലേറ്റാൻ

ദുഃഖം നീക്കും പൈതലിറെപ്പെറ്റീടുകയാലെ
ഇന്നാൾ ഹവ്വായാദത്തെക്കാൾ സ്തുതി പാടീട്ടേ.

നീണാൾ ബിംബത്തെക്കുപ്പിയ വാർദ്ധക്യം പേറും
ലോകത്തിൻ ദൺഡാകേണ്ടും കൊമ്പിന്നാളുണ്ടായ്.

വീഞ്ഞാൽ തപ്തക്ഷോണിയെ സേചിച്ചീടാനിന്നാൾ
ഈശായ് ഗേഹത്തീന്നുണ്ടായി മുന്തിരിവള്ളി.

പാടിൻ പാടിൻ പാടിൻ പാടിൻ ഹാലേലുയ്യാ
ആട്ടിടയന്മാർ ബേതലേഹമിൽ പാടിയപോലെ

ശുദ്ധൻ നീ ആലോഹോ..

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

കൃപനിറഞ്ഞ മറിയമേ....

മുന്നാംമണിയുടെ പ്രാർത്ഥന
(ഹദ്യാലൂദോ)
കൗമാ

കന്യകമറിയാമിന്നാൾ
പെറ്റാളുണ്ണിയെ മകുടങ്ങളെ മുടയു-ന്നോ-നെ

സീീയോനിതു കേട്ടപ്പോൾ
അവനെക്കണ്ടിടും മുമ്പേ കമ്പം-പു-ണ്ടു.
നിബിമൊഴിവായി-ച്ചേറോദേസോടായ്
ബേതലഹേമിൽ-നൃപതി ജനിച്ചെന്നാൾ
കൊള്ളിച്ചാനാൾ വിട്ടാ
ബേതലഹേം ശിശുവൃന്ദത്തെ വീഴ്ചയിലായ്-തൻ വാഴ്ച
വാണാനീശോ-യെന്നെന്നും
വരുവിൻ സ്തുതി പാടീടാൻ
നിൻജനനത്തിൻ ദിവസത്തിൽ ഹാലേലുയ്യാ ഉഹാലേലുയ്യാ
ബാറെക്മോർ-ശുബഹോ....

വാനിയലട്ടാനന്ദം
വാരിധിയും ധരയും നരരും സ്തുതി പാ-ട-ട്ടെ
ഉലകിതിലിന്നുളവായി
നന്മയുമാമോദവുമോലും ശുഭകാ-ര്യ-ങ്ങൾ
കന്യകപെറ്റു-തന്നിൽ മുതിർന്നോനെ
അമ്മണിയുണ്ണി-ജനകനു സമനല്ലോ
പിഞ്ചുകിടാവെന്നോണം

പുൽക്കൂട്ടിൽ പാൽനുകരുന്നു മാലാഖമാർ-ചുളുന്നു.
ഇടയന്മാരും-ശാസ്ത്രികളും
കാണിക്കകളർപ്പിച്ചു
രാജാധീശർക്കെന്നവിധം ഹാലേലുയ്യാ ഉഹാലേലുയ്യാ.... മൊറിയൊ....

## (മാർ അപ്രേമിന്റെ ബോവുസ്സോ)

ജന്മത്താൽ നാഥാ! വിടുതൽ
നൽകിയ നന്ദനനേ! കനിക
ജന്മത്താൽ രക്ഷിച്ചോനേ!
ചെയ്യുക കാരുണ്യം മശിഹാ!

ഈ പരിപാവനമാം നാളിൽ
മോദിപ്പു പാരും വാനും
ഭാഗ്യമെഴും മറിയാമീന്നും
രക്ഷകനിന്നുദയം ചെയ്തു.

തൻമുൻ ചൊൽ നിറവേറുകയാൽ
മോദിക്കട്ടിന്നാൾ മീഖാ
തൻമുൻ ചൊൽ നിറവേറുകയാൽ
മോദിക്കട്ടിന്നേറമിയാ.

ആയുഷ്മാനായ് ദർശിച്ചോൻ
അർഭകനായ് ജനിയാർന്നതിനാൽ
ഇന്നാളിൽ ദാനിയേലും
വന്നെത്തി സ്തുതി പാടട്ടെ.

ജന്മത്താൽ നാഥാ! വിടുതൽ
നൽകിയ നന്ദനനേ! കനിക
ജന്മത്താൽ രക്ഷിച്ചോനേ!
ചെയ്യുക കാരുണ്യം മശിഹാ!

## കൗമാ

## മദ്ധ്യാഹ്നപ്രാർത്ഥന

## കൗമാ

### (തുറൊദ്സീനായി)

സിനായ് ഗിരിനിൻ-സവിധേ വിറപൂണ്ടു
നാഥാ! ദേവേശാ! ഗിരിവാരിധി ധരനാം നിന്നെ-
കന്യകയാംമറിയാമേന്തി
വേഴ്ചപെടാതവൾ ഗർഭിണിയായ്
വചനാതീതം പ്രസവിച്ചു
തൽസ്മൃതിയെ-വിശ്രുതമാക്കണമേ. ബാറെക്മോർ-ശുബഹോ....

ഉന്നതരാജ്യമതും-ശാശ്വതജീവിതവും
നിർമ്മലരാർജ്ജിക്കും സത്തമമശിഹാഭക്തൻമാ
-ർഹിക്കുന്ന മഹാഭാഗ്യം
ജഡന്നേത്രം ദർശിക്കുകയോ
ശ്രവണം കേൾക്കുകയോ ഹൃദയം
തേറുകയോ ചെയ്രിട്ടില്ലേതും മെനദഒ്ാലം....

മശിഹായുടെ റുശ്മാ-മാമ്മോദീസായാൽ
സമ്്പാപിച്ചോരായ് തൃപ്പാവനതനു ഭക്ഷിച്ചു-
പുണ്യനിണം പാനം ചെയ്തോർ
പുഴിയിൽനിന്നും താൻമൂലം
പ്രാണനൊടേറി ധൂളികുട-
ഞ്ഞതിതേജോ വസ്ത്രം ചാർത്തീടും മൊറിയൊ....

### (മാർ ബാലായിയുടെ ബോവൂസ്സൊ)

ജനനീ പരിശുദ്ധ-പ്രാർത്ഥനയാൽ നാഥാ!
പുണ്യം ഞങ്ങൾക്കും-വിഗതർക്കും നൽക.

മറിയാമിൻ സ്മരണം-വരദായകമാക
തൽപ്രാർത്ഥന ഞങ്ങൾ-ക്കാത്മാവിനു കോട്ട.

പരിശുദ്ധ ശ്ലീഹാ-നിബി സഹദേൻമാരേ
യാചിപ്പിൻ കൃപയേ! ഞങ്ങൾക്കായ് നിങ്ങൾ.

നിൻശരണേ മൃതരാം-താതസഹോദരരിൽ
ചൊരിയണമേ മോദ-പ്പനിനീരെൻ നാഥാ!

സുസ്മൃതി ജനനിക്കും-വിശ്രുതി സിദ്ധർക്കും
ജീവൻ വിഗതർക്കും-ചേർപ്പോനേ! സ്തോത്രം

ജനനി പരിശുദ്ധ-പ്രാർത്ഥനയാൽ നാഥാ!
പുണ്യം ഞങ്ങൾക്കും-വിഗതർക്കും നൽക.

### പഴമ വായന